# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പോർക്കുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 12)1101/2021,
തീയതി. 05/11/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 21/02/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോർക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 12)1101/2021, തീയ്യതി: 21/02/2022
തീയതി. 05/11/2021

## തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 13-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു. എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റീന ജോസഫ്, ഓഡിറ്റ് ഓഫീസർ
ലിഷ കെ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രേഖ സി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (14.07.2021 മുതൽ 16.07.2021 വരെ)
അനീറ്റ ഡോമിനിക്, ഓഡിറ്റർ
സ്വാലിഹ് സി.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഓമന ബാബു | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| അഡ്വ. കെ. രാമകൃഷ്ണൻ | പ്രസിഡന്റ് | 01-11-2020 | 31-03-2021 |
| വൃന്ദ വി. | സെക്രട്ടറി | 01-04-2020 | 27-12-2020 |
| ഷീജ എൻ.വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-12-2020 | 17-01-2021 |
| വൃന്ദ വി. | സെക്രട്ടറി | 18-01-2021 | 14-02-2021 |
| ഷീജ എൻ.വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-02-2021 | 28-02-2021 |
| വൃന്ദ വി. | സെക്രട്ടറി | 01-03-2021 | 05-03-2021 |
| ഷീജ എൻ.വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാഗേഷ് സി.ആർ. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| രാഹുൽ ഇ. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ഡോ. റിൻസി പി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ. കവിത | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. സ്മിത ജോസഫ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) (എൻ.ആർ.എച്ച്.എം.) | 01-04-2020 | 31-03-2021 |
| ഡോ. ബൈജു ഇ.കെ. | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഷീജ എൻ.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ബിന്ദു സി.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ജിഷ കെ ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| രോഹിണി ടി.ജെ. | എൽ.വി.ഇ.ഒ. | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Reena Joseph (Audit Officer, On 24-07-2021)<br>Last Updated By: Reena Joseph (Audit Officer, On 24-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Rekha C (Asst. Audit Officer, On 25-07-2021)<br>Last Updated By: Swalih C.P (Auditor, On 21-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Rekha C (Asst. Audit Officer, On 25-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Rekha C (Asst. Audit Officer, On 25-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Reena Joseph (Audit Officer, On 24-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Reena Joseph (Audit Officer, On 25-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Reena Joseph (Audit Officer, On 25-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Swalih C.P (Auditor, On 30-07-2021)<br>Last Updated By: Reena Joseph (Audit Officer, On 03-08-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Reena Joseph (Audit Officer, On 25-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Reena Joseph (Audit Officer, On 25-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Rekha C (Asst. Audit Officer, On 02-08-2021)<br>Last Updated By: Rekha C (Asst. Audit Officer, On 02-08-2021) | 1-11-1 |
| 12 | വസ്തു നികുതി സഞ്ചയ സാംഖ്യ പ്രകാരമുള്ള കണക്കുകൾ വ്യത്യാസം<br>Written By: Rekha C (Asst. Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 21-02-2022) | 1-11-2 |
| 13 | വസ്തു നികുതി യഥാസമയം ഡിമാന്റ് ചെയ്യുന്നില്ല<br>Written By: Rekha C (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-11-3 |
| 14 | ലൈബ്രറി സെസ് - ബാലൻസ് ഷീറ്റിലെ രേഖപ്പെടുത്തലിൽ വ്യത്യാസം<br>Written By: Rekha C (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-11-4 |
| 15 | രജിസ്റ്റർ പരിപാലനം അപാകതകൾ<br>Written By: Rekha C (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-11-5 |
| 16 | കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് - തുക പൊരുത്തപ്പെടുന്നില്ല<br>Written By: Rekha C (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-11-6 |
| 17 | സ്പെസിഫിക് എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Rekha C (Asst. Audit Officer, On 02-08-2021)<br>Last Updated By: REKHA E.C. (Auditor, On 06-01-2022) | 1-11-7 |

| | | |
|---|---|---|
| 18 | തൊഴിലുറപ്പ് പദ്ധതി-കാഷ് ബുക്കും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Rekha C (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-11-8 |
| 19 | ലെഡ്ജർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Rekha C (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-11-9 |
| 20 | തൊഴിൽനികുതി അപാകതകൾ<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: Anita Dominic (Auditor, On 03-08-2021) | 1-12 |
| 21 | സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-12-1 |
| 22 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-01-2022) | 1-12-2 |
| 23 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-12-3 |
| 24 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-12-4 |
| 25 | റേഷൻകടയുടമകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-12-5 |
| 26 | വസ്തുനികുതി അപാകതകൾ<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-13 |
| 27 | റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: Swalih C.P (Auditor, On 21-02-2022) | 1-13-1 |
| 28 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-13-2 |
| 29 | വിമുക്തഭടന്മാരുടെ കെട്ടിടനികുതി ഇളവ് - അപാകതകൾ<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-13-3 |
| 30 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച്<br>Written By: Swalih C.P (Auditor, On 30-07-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-14 |
| 31 | കളക്ഷൻ തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Swalih C.P (Auditor, On 30-07-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-15 |
| 32 | ലേലം അപാകതകൾ<br>Written By: Swalih C.P (Auditor, On 30-07-2021)<br>Last Updated By: Reena Joseph (Audit Officer, On 03-08-2021) | 1-16 |
| 33 | പെർമിറ്റ് അപാകതകൾ<br>Written By: Swalih C.P (Auditor, On 30-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-17 |
| 34 | ടെണ്ടർ ഫോറം വില ലഭ്യമായിട്ടില്ല<br>Written By: Reena Joseph (Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-18 |
| 35 | നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചെടുക്കുന്നത് - കളക്ഷൻ | 1-19 |

| | | |
|---|---|---|
| | ചാർജ് ഈടാക്കുന്നില്ല<br>Written By: Reena Joseph (Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | |
| 36 | എസ്. എൽ. ഐ. പ്രതിമാസ പ്രീമിയം കുറവായി അടവാക്കി<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-20 |
| 37 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റി - വാർഷിക കണക്കുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-21 |
| 38 | ലീഗൽ ചാർജസ് - അഡ്വക്കേറ്റ് ഫീസിൽ നിന്നും ആദായനികുതി കുറവ് ചെയ്തിട്ടില്ല<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-22 |
| 39 | പത്ര പരസ്യം - ഡിസ്കൗണ്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: Swalih C.P (Auditor, On 21-02-2022) | 1-23 |
| 40 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-24 |
| 41 | ഗ്രാമസഭയോഗം - നടപടി ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-25 |
| 42 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് - രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Rekha C (Asst. Audit Officer, On 31-07-2021)<br>Last Updated By: Joyson (Auditor, On 03-01-2022) | 1-26 |
| 43 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടത്തിയ പദ്ധതിയിലെ അപാകതകൾ<br>Written By: Rekha C (Asst. Audit Officer, On 01-08-2021)<br>Last Updated By: Joyson (Auditor, On 03-01-2022) | 1-27 |
| 44 | ആശ്രയ (ജനറൽ) ഗുണഭോക്താക്കൾക്ക് വീട് റിപ്പയർ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Rekha C (Asst. Audit Officer, On 31-07-2021)<br>Last Updated By: Joyson (Auditor, On 03-01-2022) | 1-28 |
| 45 | വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രൊജക്കുകളിലെ അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 30-07-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-29 |
| 46 | കൃഷി ഓഫീസർ നടത്തിയ പ്രൊജക്കുകളിലെ അപാകതകൾ<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-30 |
| 47 | അങ്കണവാടി കെട്ടിടങ്ങൾ പണിയുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: Anita Dominic (Auditor, On 01-08-2021)<br>Last Updated By: Swalih C.P (Auditor, On 21-02-2022) | 1-31 |
| 48 | ഫാർമസി സ്റ്റോർ എയർകണ്ടീഷൻ ചെയ്യുന്നത്- പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Rekha C (Asst. Audit Officer, On 01-08-2021)<br>Last Updated By: Reena Joseph (Audit Officer, On 03-08-2021) | 1-32 |
| 49 | പി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്കുകൾ - മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-33 |

| | | |
|---|---|---|
| 50 | കേന്ദ്രസർക്കാർ ഫണ്ട് - സ്വച്ഛ് ഭാരത് മിഷൻ തുക പൂർണ്ണമായും ഉപയോഗിച്ചിട്ടില്ല<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-34 |
| 51 | മരാമത്ത് പ്രോജക്ടുകൾ നടപ്പാക്കിയതിലെ പൊതു അപാകതകൾ<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: Swalih C.P (Auditor, On 21-02-2022) | 1-35 |
| 52 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ - മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-36 |
| 53 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ -രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-37 |
| 54 | സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സ്ഥാപനത്തിന് മുൻകൂർ അനുവദിച്ചു<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 1-38 |
| 55 | കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം - സംയുക്തപരിശോധന നടത്തിയതിന്റെ വിവരം ലഭ്യമല്ല<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-39 |
| 56 | തുല്യത പരീക്ഷ - രേഖകൾ ലഭ്യമല്ല<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-40 |
| 57 | ഒരേ ബിൽ പ്രകാരമുള്ള പത്ര പരസ്യത്തിനായി രണ്ടു തവണ തുക അനുവദിച്ചു<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-41 |
| 58 | രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 21-02-2022) | 1-42 |
| 59 | ലൈഫ് ഗുണഭോക്താവിന്റെ അർഹത പുനപരിശോധിയ്ക്കേണ്ടതാണ്<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 21-02-2022) | 1-43 |
| 60 | തെരുവ് വിളക്ക് പരിപാലനം - അപാകതകൾ<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-44 |
| 61 | കമ്പ്യൂട്ടറുകളുടെ പർച്ചെയ്സ് - ലഭ്യതാ വിവരം/സ്റ്റോക്ക് വിവരം ലഭ്യമല്ല<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-45 |
| 62 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - രേഖകൾ ലഭ്യമല്ല<br>Written By: Lisha.K.V (Asst. Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-46 |
| 63 | ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് -സർക്കാർ ഉത്തരവ് പാലിക്കുന്നില്ല<br>Written By: Reena Joseph (Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-47 |
| 64 | ദേശീയ തൊഴിലുറപ്പ് പദ്ധതി - ടെണ്ടർ നടപടികളിലെ അപാകതകൾ<br>Written By: Reena Joseph (Audit Officer, On 02-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-48 |
| 65 | ദേശീയ തൊഴിലുറപ്പു പദ്ധതി - TDS ഈടാക്കിയിട്ടില്ല<br>Written By: Reena Joseph (Audit Officer, On 01-08-2021) | 1-49 |

| | | |
|---|---|---|
| | Last Updated By: Swalih C.P (Auditor, On 03-01-2022) | |
| 66 | തൊഴിലുറപ്പ് പദ്ധതി - ക്വാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധിക നിരക്ക് നൽകിയത്<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 1-50 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Reena Joseph (Audit Officer, On 31-07-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Reena Joseph (Audit Officer, On 01-08-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Reena Joseph (Audit Officer, On 25-07-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Reena Joseph (Audit Officer, On 25-07-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Reena Joseph (Audit Officer, On 25-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 18-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Reena Joseph (Audit Officer, On 25-07-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Reena Joseph (Audit Officer, On 25-07-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Reena Joseph (Audit Officer, On 25-07-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Reena Joseph (Audit Officer, On 25-07-2021)<br>Last Updated By: Swalih C.P (Auditor, On 03-01-2022) | 4-9 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പോർക്കളം ഗ്രാമപഞ്ചായത്ത് 24.03.20 ലെ പഞ്ചായത്ത് ഭരണസമിതി 1(1) നമ്പർ തീരുമാനപ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരമുള്ള വരവ് 14,57,66,750 രൂപയും ചെലവ് 14,43,78,875 രൂപയും ആണ്. അംഗീകരിച്ച ബജറ്റിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214(7)-ാം വകുപ്പനുസരിച്ചുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 13.07.21 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 7517811 |
| ഓഡിറ്റ് വർഷത്തെ വരവ് | 58689960 |
| ആകെ | 66207771 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 57861419 |
| നീക്കിയിരിപ്പ് | 8346352 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22,84,633 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 8482043 | 8482043 | 8372483 | 109560 | |
| വികസന ഫണ്ട് (SCP) | - | 6397118 | 6397118 | 5393745 | 1003373 | |
| വികസന ഫണ്ട് (TSP) | - | - | - | - | - | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC - Tied) | - | 3230000 | 3230000 | 889967 | 2340033 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC - UnTied) | - | 5824316 | 5824316 | 2389909 | 3434407 | |
| ലോകബാങ്ക് സഹായം | - | - | - | - | - | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | - | 13094000 | 13094000 | 11423785 | 1670215 | |
| മെയിന്റനൻസ് ഗ്രാന്റ് | - | 3456681 | 3456681 | 3442315 | 14366 | |

| | | | | | | |
|---|---|---|---|---|---|---|
| (റോഡിതരം) | | | | | | |
| പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച്) | - | - | - | - | - | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. 320100121 | 657299 | 1507094 | 2164393 | 0 | 2164393 | |
| ടോട്ടൽ സാനിറ്റേഷൻ | 1331822 | 130000 | 1461822 | 0 | 1461822 | |

കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയിലെ വരവ് ചെലവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭിച്ചില്ല. ആയതിനാൽ പ്രസ്തുത ശീർഷകങ്ങളിലെ വരവുചെലവുകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. ഐ.സി.ഡി.എസ്, ടോട്ടൽ സാനിറ്റേഷൻ എന്നീ കേന്ദ്രാവിഷ്കൃത ഫണ്ടിനങ്ങളിൽ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ചേർത്തത്.

## 1-5 പദ്ധതി അവലോകനം

2020-21 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 183 | 67538715 | 75 | 44461923 | 73 | 35 | 40.98% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1192865 | 1192865 | 1192865 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16996371 | 16996371 | 16996371 | 0 |
| മൂലധനച്ചെലവുകൾ | - | - | - | - | 0 |
| ആകെ | 0 | 18189236 | 18189236 | 18189236 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2417100 | 163 |
| വിധവാപെൻഷൻ | 13560200 | 879 |
| വാർദ്ധക്യകാലപെൻഷൻ | 17451800 | 1332 |
| വികലാംഗപെൻഷൻ | 2436500 | 164 |
| അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞവർക്കുള്ള പെൻഷൻ | 1880600 | 124 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2021 തിയതിയിൽ 3:00 Pm- ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,407/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വർക്കിംഗ് ഗ്രൂപ്പുകൾ

മാർഗ്ഗരേഖ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കുകയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 10 മുതൽ 15 വരെ അംഗങ്ങൾ അതാത് വികസനമേഖലയിലെ വിദഗ്ധരുൾപ്പെടെ ഓരോ വർക്കിംഗ് ഗ്രൂപ്പിലും ഉണ്ടാകേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്നായിരിക്കണമെന്നും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൺവീനറുടെ ഹാജർ നിർബന്ധമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. വികസനമേഖലയുമായി ബന്ധപ്പെട്ട് പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വിഷയമേഖലയുമായി ബന്ധപ്പെട്ട് സ്ഥിതിവിവരകണക്കുകൾ

ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, വാർഡ് സഭായോഗങ്ങൾ, വികസനസെമിനാർ എന്നിവിടങ്ങളിലെ ചർച്ചകൾക്ക് അക്കാഡമിക് സഹായവും നേതൃത്വവും നൽകുക എന്നിവയെല്ലാം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളിൽപ്പെടുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും കഴിഞ്ഞ 20 വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണകളോടെ പ്രോജക്ട് തയ്യാറാക്കുകയും കരട് പദ്ധതിരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ പദ്ധതി രേഖ തയ്യാറാക്കുകയും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽപ്പെടുന്നു. പ്രോജക്ട് നടപ്പാക്കിയതിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ, മിനുട്ട്സ് രേഖപ്പെടുത്തൽ, മിനുട്ട്സ് ബുക്ക് സൂക്ഷിക്കൽ, രേഖകൾ കൃത്യമായി സൂക്ഷിക്കുകയും കൈമാറുകയും ഉൾപ്പടെയുള്ളവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലയാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ/വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ക്വാറം തികയാതെയാണ് പല യോഗങ്ങളും ചേർന്നിട്ടുള്ളത്. ഉദാ.ദാരിദ്ര്യ ലഘൂകരണം 15.2.21 ലെ യോഗം, പൊതുമരാമത്ത് 5.3.20 ലെ യോഗം

2) പല വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകളിലും തീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഉദാ. പൊതുമരാമത്ത് 25.2.2020 ലെ യോഗം, കുടിവെള്ളം ശുചിത്വം 25.2.2020 ലെ യോഗം

3) മിക്ക വർക്കിംഗ് ഗ്രൂപ്പുകളിലും കാര്യക്ഷമമായി ചർച്ച നടക്കുകയോ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞുവരികയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന രേഖകളിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന രീതിയിൽ വേണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.

4) കൺവീനർമാർ എല്ലാ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും പങ്കെടുക്കുന്നില്ല.

5) വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ പ്രോജക്ട് ഫയലിനോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-2-2021 | 2020 ഡിസംബർ വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 16.3.2009 മുതൽ 19.3.2009 വരെ | 1997-98 മുതൽ 2004-05 വരെ | 19.4.2010 |

## 1-11-1 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.
വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-11-2 വസ്തു നികുതി സഞ്ചയ സാംഖ്യ പ്രകാരമുള്ള കണക്കുകൾ വ്യത്യാസം

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1 തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1579965 | 1560488 | 16824 | 3781 |
| വാർഷിക | 1579965 | 1559360 | - | 3781 |

| | | | | |
|---|---|---|---|---|
| | | | | 3971 /105X100)= |
| കണക്കിലെ വിവിധ പത്രികകൾ പ്രകാരം | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1121178 | 1082988 | 20875 | 21154 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1121178 | 1079149 | -- | 21154 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (22212/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2 കടിശ്ശിക

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 46356 | 35507 | 11448 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 32603 | 34908 | 11452 |
| | (2019-20 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15(24905+9329 /105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | 12025/105X100 = 11452 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 12025/105*100 |

2.2 കടിശ്ശിക

2.2.2 നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 20814 | 20890 | 21154 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 18119 | 20814 | - |
| | (2019-20ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15)19025 /105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (105X100) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

| | | | |
|---|---|---|---|
| | | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 ) |

2.3 ലൈബ്രറി സെസ്സ് (തൻവർഷം +കടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻഛർ ക്രമീകരിച്ചത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കടി ശ്ശിക | ആകെ | തൻ വർഷം | കടി ശ്ശിക | ആകെ | | തൻ വർഷം | കടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 80944 | 2397 | 83341 | 79792 | 1816 | 81608 | 1000 | 190 | 570 | 767 |
| | നോൺ-റെസിഡൻഷ്യൽ | 57711 | 1052 | 58763 | 54446 | 1049 | 55495 | 1054 | 1058 | - | 1058 |
| | ആകെ | | | 142104 | | | 63655 | 2054 | 1248 | 570 | 1825 |
| | | | | | | | | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 137568 | | | 137103 | | | | 1825 | | |
| | | 2511+135057 =(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/levie ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4- സർവ്വീസ് സെസ്

2-4-1 തൻവർഷം-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻഛർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 153337 | 151597 | 1525 | 379 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 153337 | 151433 | - | 379 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | |

2.4. സർവ്വീസ് സെസ്

2-4-2 തൻവർഷം- നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻഛർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 114920 | 108412 | 2095 | 2116 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 114920 | 110709 | - | 2116 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | |

2.4. സർവ്വീസ് സെസ്

2-4-3 കടിശ്ശിക- റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5207 | 3471 | 1525 | 1148 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3756 | 4059 | - | 1148 |
| | (2019-20 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | |

2.4. സർവ്വീസ് സെസ്

2-4-4 കടിശ്ശിക- നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2167 | 2094 | 0 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1816 | 2167 | - | 0 |
| | (2019-20 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | |

2.5."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ : 2.1.1, 2.1.2, 2.2.1, 2.2.2, 2.3, 2.4.1, 2.4.2, 2.4.3, 2.4.4 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

## 1-11-3 വസ്തു നികുതി യഥാസമയം ഡിമാന്റ് ചെയ്യുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ പോർക്കളം ഗ്രാമപഞ്ചായത്തിൽ 120 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 24-2-21, 10.3.21ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-4 ലൈബ്രറി സെസ് - ബാലൻസ് ഷീറ്റിലെ രേഖപ്പെടുത്തലിൽ വ്യത്യാസം

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിൽ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ് ഉൾപ്പെടെ) 38208 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101101 -State Govt Levies In Property Tax എന്ന ശീർഷകത്തിൽ വരേണ്ട തുക 1819

(38208/105*5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ (1825) രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-11-5 രജിസ്റ്റർ പരിപാലനം അപാകതകൾ

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ആയത് ആധികാരികമായി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-11-6 കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് - തുക പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (828541) രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3068879 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-7 സ്പെസിഫിക് എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടില്ല

Rp-7 പ്രകാരമുള്ള 160100501, 160100699, 160100709, 160100799, 160300101, 160300102, 160100901 പ്രകാരമുള്ള വരവുകളും, Rp-31 പ്രകാരമുള്ള വരവുകൾ പരിശോധിയ്ക്കാൻ ആവശ്യമായ സ്പെസിഫിക് എ.സി.ആർ സ്ഥാപനത്തിൽ എഴുതി സൂക്ഷിക്കാത്തതിനാൽ ആയവയുടെ വരവ്, ചെലവ്, ബാലൻസ് പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല. ACR ആധികാരികമായി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-11-8 തൊഴിലുറപ്പ് പദ്ധതി-കാഷ് ബുക്കും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയത് പൊരുത്തപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-11-9 ലെഡ്ജർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

RP -43 പ്രകാരം 2502664 രൂപ റിഡംപ്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്, ആയതിന്റെ ലെഡ്ജർ പരിശോധനക്ക് ലഭ്യമാക്കിയില്ല. ലെഡ്ജർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്.
പോർക്കുളം ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

## 1-12-1 സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതാണ്

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽനികുതി അടവാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | BRD കാർ വേൾഡ് ലിമിറ്റഡ് | I , II |
| 2 | എം. കെ. ബിൽഡിംഗ് മെറ്റീരിയൽസ് | I , II |
| 3 | അക്ഷയ പെട്രോളിയം | I , II |

സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-2 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

I) താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഫ്ലോറിയെക്സ് |
| 2 | നന്ദനം ടൈൽസ് & സാനിറ്ററീസ് (VII/ 43-A) |

| | |
|---|---|
| 3 | അതുൽ ടൈൽസ് & സാനിറ്ററീസ്(V/355C) |
| 4 | ഗോൾഡൻ ടൈൽ പാലസ് ടൈൽസ് & സാനിറ്ററീസ്(V/384,386,387) |

II) കാത്തലിക് സിറിയൻ ബാങ്കിലെ അസി. മാനേജർ (ഡെപ്യൂട്ടേഷൻ) ഷൈജൻ ലൂയിസ് 2020-21 ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതി അടവാക്കിയിട്ടില്ല. ഒരു മാനേജരും ഒരു ക്ലർക്ക് കം ക്യാഷ്യറും മാത്രമുള്ള ബാങ്കിൽ നിന്നും മാനേജറുടെ തൊഴിൽനികുതി അടവാക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

III) BRD കാർ വേൾഡ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ താഴെപ്പറയുന്ന ജീവനക്കാർ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

1. നിഷാദ് പി.എ. - കസ്റ്റമർ കെയർ മാനേജർ

2. നിഷാർ കെ. - സർവ്വീസ് അഡ്വൈസർ

3. ശ്യാം ടി. - മെക്കാനിക്

4. ശ്യാംലാൽ എൻ.വി. - മെക്കാനിക്

5. സിജു സി.സി. - സർവ്വീസ് അഡ്വൈസർ

IV) MCP മോട്ടോർസ് എന്ന സ്ഥാപനത്തിലെ താഴെപ്പറയുന്ന ജീവനക്കാർ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

1. സിമി സി.എസ്. - സെയിൽസ് കൺസൾട്ടന്റ് & ബാക്ക് ഓഫീസ്

2. വിപിൻ കെ. എ. - ആക്സസറി ഫിറ്റ്മെന്റ് ടെക്നിഷ്യൻ

3. അജിത്ത് കെ. എ. - അക്കൗണ്ട്സ് കം ക്യാഷ്യർ

V) അക്കിക്കാവ് ഇൻഡ്യൻ കോഫി ഹൗസിലെ കെ.എം.നിതിൻ (ഹെഡ് അസിസ്റ്റന്റ് ബെയറർ) എന്ന ജീവനക്കാരന്റെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

VI) അനല ഫാർമസ്യൂട്ടിക്കൽസ് (പി) ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ 13 ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

## 1-12-3 തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

അക്കിക്കാവ് ശ്രീ വിവേകാനന്ദ ടീച്ചർ എജ്യൂക്കേഷൻ സെന്ററിലെ രണ്ടു ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവു വന്നിട്ടുണ്ട്. തൊഴിൽ നികുതി ചട്ടത്തിലെ ചട്ടം 3 പ്രകാരമുള്ള സ്ലാബിൽ നിന്നും വ്യത്യസ്തമായിട്ടാണ് തുക ഈടാക്കിയിട്ടുള്ളത്.

| പേര് | ഒന്നാം അർദ്ധവർഷത്തിലെ ശമ്പളം | തൊഴിൽനികുതി ഈടാക്കിയത് | തൊഴിൽനികുതി ഈടാക്കേണ്ടത് | കുറവു വന്ന തുക |
|---|---|---|---|---|
| മഞ്ജുള വി., ലക്ച്ചറർ | 100080 | 750 | 1000 | 250 |
| ഇന്ദു വി.കെ., ലക്ച്ചറർ | 77655 | 600 | 750 | 150 |
| ആകെ | | | | 400 |

കുറവു വന്ന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-4 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരുടെ പേരുകളാണ് ചുവടെ ചേർത്തിട്ടുള്ളത്. താഴെ കാണുന്ന 6 കരാറുകാരിൽ നിന്നും വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| നം. | പേര് |
|---|---|
| 1 | പി.എച്ച്. അഷറഫ് |
| 2 | ഷൗഫീദ് |

| | |
|---|---|
| 3 | നന്ദകുമാർ |
| 4 | നിഖിൽ ആർ. |
| 5 | എം. എസ്. ശ്രീരാമകൃഷ്ണൻ |
| 6 | അനന്തകൃഷ്ണൻ നായർ |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രശീതി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12-5 റേഷൻകടയുടമകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 5 റേഷൻകടകളുടെ വിവരങ്ങളാണ് താഴെക്കൊടുത്തിരിക്കുന്നത്.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് |
|---|---|---|
| 1 | ARD No.31<br>9/32 | വി.പി.ചിന്ന, അകതിയൂർ |
| 2 | ARD No.32<br>5/424 | ജോൺ പാറേംപാടം |
| 3 | ARD No.35<br>13/245F | രാജഗോപാൽ മങ്ങാട് |
| 4 | ARD No.255<br>8/359 | ലിസ്സി വർഗ്ഗീസ് കമ്പിപ്പാലം |
| 5 | ARD No.34<br>3/300,301 | എൻ. ആർ. തിലകപ്രകാശ്, പോർക്കുളം |

റേഷൻകടയുടമകളിൽ നിന്നും 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് ( നം.9/ 2020-21/ 23.07.2021) ആയത് ഈടാക്കിയിട്ടില്ലെന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-13 വസ്തുനികുതി അപാകതകൾ

പോർക്കുളം ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. വസ്തുനികുതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവയാണ് പരിശോധനക്കായി പ്രധാനമായും ഉപയോഗപ്പെടുത്തിയത്. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വലിയ പങ്ക് ആണ് വസ്തുനികുതിക്ക് ഉള്ളത്. ആയതിനാൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട അപാകതകൾ എത്രയും പെട്ടെന്ന പരിഹരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനുള്ള നടപടികളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13-1 റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നം./ തീയതി | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | III / 296 | മൊയ്തീൻകുട്ടി S/o ചേക്കുട്ടി ചെമ്പ്രയൂർ, പുത്തൻപീടികയിൽ | 120050102054/ 04.01.2021 | 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 299 |
| 2 | III / 282 A | കുഞ്ഞുമോൻ S/o കുട്ടംകുളങ്ങര വേലപ്പൻ | 120050102593/ 19.01.2021 | 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 185 |
| 3 | III / 114 | ജെയ്സൺ S/o മണ്ടുമ്പാൽ ഉട്ടപ്പ്, | 120050103100/ 02.02.2021 | 2020-21 ഒന്നും | 470 |

| | | | | | |
|---|---|---|---|---|---|
| | | ടിയാൻ ഭാര്യ ഷീബ D/o പൂലാക്കൽ ചിന്നൻ | | രണ്ടും അർദ്ധ വർഷങ്ങൾ | |
| 4 | II / 233 | മേരി W/oകൊള്ളന്നൂർ ബേബി | 120050103541/ 11.02.2021 | 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 1863 |
| ആകെ | | | | | 2817 |

റദ്ദാക്കിയ സാംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ലാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/ 2020-21 / 23.07.2021) കഴിഞ്ഞ സാമ്പത്തികവർഷത്തെ രസീതുകൾ, നിലവിൽ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാൻ കഴിയില്ല എന്നതിനാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷൻ സമയത്ത് ആയത് നീക്കം ചെയ്യാമെന്നാണ് മറുപടി നല്കിയിട്ടുള്ളത്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതെ ഇരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കുറിപ്പ് :- 2021-22 സാമ്പത്തികവർഷത്തിൽ സഞ്ചയയിൽ നീക്കം ചെയ്യാതെ കിടന്നിരുന്ന റദ്ദാക്കിയ 2 സാംഖ്യ രസീതുകൾ

1) 121050100094/ 20.04.2021 (സൌദാമിനി, VI /5B) - ₹1316/-

2) 121050100139/ 21.04.2021 (ഫാത്തിമ, III / 292 B) - ₹524/-

ഓഡിറ്റ് എൻക്വയറിയിൽ ചൂണ്ടിക്കാണിച്ചതിനെത്തുർന്ന് സഞ്ചയയിൽ നിന്നും നീക്കം ചെയ്തതായി മറുപടി നല്കിയിട്ടുണ്ട്.

## 1-13-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങളാണ് താഴെക്കൊടുത്തിരിക്കുന്നത്.

| | ടവറിന്റെ വിവരം | വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം | 2019-20 വർഷത്തേക്ക ഈടാക്കിയ തുക |
|---|---|---|---|---|
| 1 | ടവേഴ്സ് വിഷൻ ഇൻഡസ് പ്രൈവറ്റ് ലിമിറ്റഡ് | 8/359A | 12 $M^2$ | 8280 |
| 2 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 9/32B | 18.7 $M^2$ | 9678 |
| 3 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 11/307A | 8 $M^2$ | 3680 |
| 4 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 6/92 | 10$m^2$ | 4600 |

മൊബൈൽ ടവറുകൾ 2019-20 വർഷം വരെയുള്ള വസ്തുനികുതി അടവാക്കിയിട്ടുണ്ട്. 2020-21 വർഷത്തെ വസ്തുനികുതി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13-3 വിമുക്തഭടന്മാരുടെ കെട്ടിടനികുതി ഇളവ് - അപാകതകൾ

വിമുക്തഭടന്മാരുടെ കെട്ടിട നികുതി ഇളവ് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. രജിസ്റ്ററിൽ പേരുള്ള ആനീസ് ബാല എന്ന വ്യക്തിയുടെ വിവരങ്ങൾ സഞ്ചയയിൽ കാണുന്നില്ല. (വാർഡ് നം. /കെട്ടിട നം. എന്നിവ 2019-20 ൽ IV/74 എന്നും 2020-21 ൽ IV/ 335 എന്നും ആണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആയത് ടി വ്യക്തിയുടേതല്ല)

2. 2020-21 വർഷത്തിൽ രജിസ്റ്ററിൽ പേരുള്ള 2 വ്യക്തികളുടെ പേരുകൾ സഞ്ചയയിൽ കാണുന്നില്ല. സുശീല W/o രാധാകൃഷ്ണൻ (IV/207), എ. ബാലകൃഷ്ണൻ (IV/5) എന്നാണ് രജിസ്റ്ററിൽ ഉള്ളതെങ്കിലും കൊടുത്തിരിക്കുന്ന വാർഡ് നം. /കെട്ടിട നം. എന്നത് മറ്റു വ്യക്തികളുടേതായാണ് സഞ്ചയയിൽ കാണുന്നത്.

3. സഞ്ചയയിൽ 'Exemption To Period' എന്നത് Continue എന്ന് കാണിക്കാത്ത 3 പേർക്ക് വസ്തുനികുതി ഇളവ് ചെയ്തിട്ടുണ്ട്.

(I) പോൾസൺ ഭാര്യ മണി (VII/155A)

(II) ശ്രീദേവിയമ്മ മാധവൻ നായർ (VII/339)

(III) പത്മിനി സായ്നിലയം (VII/346)

സഞ്ചയയിൽ വന്നിട്ടുള്ള അപാകതകൾ പരിശോധിച്ച് ആയത് പരിഹരിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയനുസരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. പ്രസ്തുത ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി തുക 500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 100, 50 എന്നിങ്ങനെ വ്യത്യസ്തമായ നിരക്കുകൾ ലൈസൻസ് ഫീ ആയി ഈടാക്കുന്നുണ്ട്. പ്രസ്തുത നിരക്കുകൾ ഈടാക്കാൻ അവലംബിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാനും ആയത് സംബന്ധിച്ച് ഭരണസമിതി തീരുമാനം ഉണ്ടെങ്കിൽ ലഭ്യമാക്കാനും മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.14/27.7.21) നൽകിയ മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏകീകൃത സ്വഭാവമുള്ള വ്യാപാരങ്ങൾക്ക് ഫിനാൻസ് കമ്മിറ്റിയും പെർഫോമൻസ് ഓഡിറ്റിൽ നിന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലുമുള്ള പുതുക്കിയ പട്ടിക പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കുന്നതെന്നും തുടർ വർഷങ്ങളിൽ അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപെടുത്തുന്നുണ്ടെന്ന ഉറപ്പാക്കുന്നതും അതു പ്രകാരം ഫീ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന് കിട്ടേണ്ട വരുമാനം കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം പിരിച്ചെടുക്കുന്നുണ്ട് എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

2. പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ രണ്ട് പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ക്ലറിക്കൽ എറർ മൂലം സംഭവിച്ചതാണെന്നും ആയത് പരിഹരിച്ച് രജിസ്റ്റർ കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 14/27.7.2021).

3. താഴെ കാണുന്ന അപേക്ഷകൾ തീർപ്പാക്കിയതായി അപേക്ഷകളിലോ ലൈസൻസ് രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് | സ്ഥാപനം | അപേക്ഷ തീയതി |
|---|---|---|---|---|---|
| 1 | 112 | 10/82 | രാജൻ എം പി | കല ഏജൻസി | 18.3.2020 |
| 2 | 184 | 5/104 A | ബേബി പി വി | ബേബി കമ്പനി | 30.9.2020 |
| 3 | 214 | 2/150 | അഞ്ജന എം വി | ഗ്രാമ്യ ചിക്കൻ സ്റ്റാൾ | 3.3.2021 |
| 4 | 217 | 10/82 A | കുമാരി ലത | ജികെ പേപ്പർ റൂളിംഗ് | 19.3.2021 |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.14/27.7.21) നൽകിയ മറുപടിയിൽ ക്രമ നമ്പർ 2 കോറോണയുടെ പശ്ചാത്തലത്തിൽ സ്ഥാപനം നിർത്തിയതായും ബാക്കി 3 സ്ഥാപനങ്ങൾക്ക് വ്യത്യസ്ത കാലയളവിൽ ലൈസൻസ് നൽകിയതായും അറിയിച്ചിട്ടുണ്ട്. ലൈസൻസ് സംബന്ധിച്ചുള്ള എല്ലാ തീരുമാനങ്ങളും രജിസ്റ്ററിലും അപേക്ഷകളിലും രേഖപ്പെടുത്തി അവ കാലികമാക്കി പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ലൈസൻസ് നൽകൽ നടപടിക്രമങ്ങളിൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 കളക്ഷൻ തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

41408 രസീത് ബുക്കിലെ 68 മുതൽ 77 വരെയുള്ള രസീതുകളിലായി 31.3.2021 ൽ സ്വീകരിച്ച തുകകളും (3695 രൂപ) 41406 രസീത് ബുക്കിലെ ഒന്നാം നമ്പർ രസീത് മുഖേനെ 9.9.2020 ൽ സ്വീകരിച്ച തുകയും (86 രൂപ) കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നും ആയത് രേഖപെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.14/27.7.2021 ന്റെ മറുപടി). കളക്ഷൻ തുകകൾ അതാതു സമയത് തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ലേലം അപാകതകൾ

കൊങ്ങന്നൂർ അംഗനവാടി നമ്പർ 9 പൊളിക്കുന്നതിനുള്ള വാല്യവേഷൻ നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.14/27.7.21 നൽകിയ മറുപടി)

## 1-17 പെർമിറ്റ് അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ എക്സ്റ്റൻഷനു വേണ്ടിയുള്ള പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ തീർപ്പാക്കാത്ത രണ്ട് ഫയലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷകന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 1765/21.5.2020 | സബി എം.കെ മണ്ടുപാൽ വീട് മങ്ങാട് | കെട്ടിടത്തിന്റെ പണി പൂർത്തീകരണ ഘട്ടത്തിലായതിനാൽ റെഗുലറൈസേഷന് അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന് അറിയിച്ച കൊണ്ട് 26.6.2020 ൽ അപേക്ഷകന് കത്ത് നൽകിയിട്ടുണ്ട് |
| 2 | 4172/3.11.2020 | രാമചന്ദ്രൻ കരുമത്തിൽ പോർക്കുളം | കെട്ടിടത്തിന്റെ പണി 70% പൂർത്തിയായതിനാൽ പെർമിറ്റ് അനുവദിക്കാനാവില്ല എന്ന് അറിയിച്ച കൊണ്ട് 11.01 2021 ൽ അപേക്ഷകന് കത്ത് നൽകിയിട്ടുണ്ട് |

പ്രസ്തുത ഫയലുകളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.12/27.7.21) നൽകിയ മറുപടിയിൽ ക്രമ നമ്പർ ഒന്നിലെ അപേക്ഷകൻ റെഗുലറൈസേഷനുള്ള അപേക്ഷ 14.8.2020 ന സമർപ്പിക്കുകയും 2/196 B എന്ന നമ്പർ അനുവദിക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ അങ്ങനെ ഒരു അപേക്ഷ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രസ്തുത ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല. ആയത് ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം അയക്കേണ്ടതാണ്. ക്രമ നമ്പർ 2 അപേക്ഷകൻ റെഗുലറൈസേഷനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറക്ക് ഫീ ഈടാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ടെണ്ടർ ഫോറം വില ലഭ്യമായിട്ടില്ല

2020 -21 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടില്ല. ഇ-ടെണ്ടറുകൾ ആരംഭിച്ച വർഷം മുതൽ ഇപ്രകാരം പഞ്ചായത്തിന് തുക ലഭിക്കുവാനുണ്ട്. ആയതിനാൽ ഇപ്രകാരം ലഭിക്കേണ്ട മുഴുവൻ തുകയും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാവുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-19 നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചെടുക്കുന്നത് - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3 (3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ ഇപ്രകാരം അടവാക്കിയ തുക 1,76,146/- രൂപയാണ്. ആയതിന്റെ 1% കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയിട്ടില്ല. പഞ്ചായത്തിന്റെ തനത് വരുമാനം എന്ന നിലയിൽ തുക ഈടാക്കാവുന്നതാണ്.

## 1-20 എസ്. എൽ. ഐ. പ്രതിമാസ പ്രീമിയം കുറവായി അടവാക്കി

പോർക്കുളം പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളബില്ലുകൾ പരിശോധിച്ചതിൽ 2019 ഏപ്രിൽ മാസം മുതൽ 2020 ജൂലൈ മാസം വരെ സീനിയർ ക്ലർക്കായിരുന്ന തോംസൺ ടി.വി. (B.P.31500 (ഏപ്രിൽ 2019), B.P.32300 (ജൂലൈ 2020)) യുടെ ശമ്പളത്തിൽനിന്നും എസ്. എൽ. ഐ. ഇനത്തിൽ കുറവ് ചെയ്തിരിക്കുന്നത് 175/- രൂപയാണ്.

ജി.ഒ.(പി.)149/2016/ധന/04.10.2016 പ്രകാരം 01.01.2017 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുള്ള സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് നിരക്ക് അനുസരിച്ച് അടിസ്ഥാനശമ്പളം 18000/- മുതൽ 35699/- രൂപ വരെ പ്രതിമാസ പ്രീമിയം 300/-രൂപയാണ്. ശമ്പളപരിധി മാറുന്നതിനനുസരിച്ച് അഡീഷണൽ പോളിസി എടുക്കേണ്ടതാണ്.

പ്രതിമാസ പ്രീമിയം കുറവായി അടവാക്കിയതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/2020-21, 23.07.2021) കൈപ്പറ്റുന്ന ശമ്പളത്തിന് ആനുപാതികമായി എസ്.എൽ.ഐ. അടവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും, കുറവു വന്ന തുക അരിയർ ആയി പലിശ സഹിതം അടക്കുന്നതിന് തയ്യാറാണെന്നും മറുപടി നല്കിയിട്ടുണ്ട്.

## 1-21 ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റി - വാർഷിക കണക്കുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റി) ചട്ടങ്ങൾ, സർക്കാർ ഉത്തരവ് ആർ.ടി.3379/2004/എച്ച് & എഫ്.ഡബ്ല്യു.സി, തിയതി 3.12.2004 എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ സമയബന്ധിതമായി എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. ആയതിനാൽ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങൾ (അലോപ്പതി, ആയുർവേദം, ഹോമിയോ) സമയബന്ധിതമായി എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതും ഇല്ല എങ്കിൽ ഏതൊക്കെ വർഷങ്ങളിലെ വാർഷിക കണക്കുകൾ ആണ് സമർപ്പിക്കാനുള്ളത് എന്ന് ആരാഞ്ഞ് 2020-21 വർഷം വരെയുള്ള കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.6/18.10.21)

## 1-22 ലീഗൽ ചാർജസ് - അഡ്വക്കേറ്റ് ഫീസിൽ നിന്നും ആദായനികുതി കുറവ് ചെയ്തിട്ടില്ല

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2020-21 വർഷത്തിൽ അഡ്വ.ഗിരീഷ് കുമാർ എന്നയാൾക്ക് വിവിധ വൗച്ചറുകൾ പ്രകാരം 45000/- രൂപ ഫീസ് നൽകിയിട്ടുണ്ട്. 1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. ഒരു സാമ്പത്തിക വർഷം ഒരു വ്യക്തിക്ക് ലഭിക്കുന്ന വരുമാനം ആദായനികുതി പത്രികയിൽ ഉൾപ്പെടുത്തുക എന്നത് വ്യക്തിയുടെ ഉത്തരവാദിത്വമാണ് എന്നത് പോലെത്തന്നെ ആദായനികുതി നിയമം സെക്ഷൻ 194ജെ പ്രകാരം ടി.ഡി.എസ്. ഈടാക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. ഇത് മൂലം പഞ്ചായത്തിൽ നിന്നുള്ള പണം നൽകലുകൾ ആദായനികുതി വകുപ്പിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും ബാധകമായ വരുമാനത്തിന് നികുതി അടവാക്കിയിട്ടുണ്ടെന്ന് വകുപ്പിന് ഉറപ്പു വരുത്തുന്നതിനും സാധിക്കുന്നു. ഭാവിയിൽ മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.20/20-21)

## 1-23 പത്ര പരസ്യം - ഡിസ്കൗണ്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 –എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം./ബിൽനം/തീയതി | തുക | പത്രം |
|---|---|---|
| 14/20-21, 26.8.20 | 6300<br>8079 | ദേശാഭിമാനി |
| 6/20-21, 28.7.20 | 34860 | ദേശാഭിമാനി |
| 46/20-21, 19.3.21 | 6300 | ദേശാഭിമാനി |
| 48/20-21, 19.3.21 | 6300 | ദേശാഭിമാനി |
| 58/20-21, 19.3.21 | 2693 | ദേശാഭിമാനി |
| 59/20-21, 19.3.21 | 2693 | ദേശാഭിമാനി |
| 60/20-21, 19.3.21 | 2693 | ദേശാഭിമാനി |
| ആകെ തുക | 69,918 | |

പരസ്യ ചാർജ്ജിന്മേലുള്ള ഡിസ്കൗണ്ട് അനുവദിച്ച് കിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.34/20-21)

## 1-24 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം

സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ നാളിതു വരെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. നിധിയിലേക്ക് തുക സമാഹരിക്കുന്നതിനും നടപടികളൊന്നും സ്വീകരിച്ചതായും കാണുന്നില്ല. ദുരിതാശ്വാസ നിധി രൂപീകരിച്ച് നല്ല രീതിയിൽ പരിപാലിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 1-25 ഗ്രാമസഭയോഗം - നടപടി ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗ മിനുട്സുകൾ പരിശോധിച്ചതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരള പഞ്ചായത്ത് രാജ് (ഗ്രാമസഭയുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പല ഗ്രാമസഭ യോഗങ്ങളും നടത്തിയിരിക്കുന്നത് എന്ന് വ്യക്തമായി.

1) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കൽ എങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ 2020-21 വർഷത്തിൽ ആകെ 1 ഗ്രാമസഭ മാത്രമാണ് ചേർന്നിട്ടുള്ളത് (2021 ഫെബ്രുവരി).

2) ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും, ജില്ലാപഞ്ചായത്ത് അംഗത്തെയും നിമസഭാംഗത്തെയും നിർബന്ധമായും ഗ്രാമസഭയുടെ കൺവീനർ ക്ഷണിക്കേണ്ടതാണ് എന്ന് നിയമത്തിൽ വ്യക്തമായി നിർദേശിക്കുന്നുണ്ട്. [സെക്ഷൻ 3 (3)] എന്നാൽ മേൽ നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

3) ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും സെക്ഷൻ 3 എ യിൽ പരാമർശിക്കുന്നുണ്ട്. പ്രദേശത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ നിർദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദേശിക്കുകയും ചെയ്യുക. ടാപ്പുകൾ, കിണറുകൾ, തെരുവ് വിളക്കുകൾ, തുടങ്ങിയവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക. സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി പോലുള്ള ക്ഷേമ സഹായങ്ങൾ കൈപ്പറ്റുന്നവരുടെ അർഹത പരിശോധിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നതാണ്. ഇക്കാര്യങ്ങളൊന്നും ഗ്രാമസഭകളിൽ ചർച്ചചെയ്തതായി കാണുന്നില്ല.

4) പല ഗ്രാമസഭാ മിനിറ്റ്സ് ബുക്കുകളും കോർഡിനേറ്റർ ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല. ഉദാ.വാർഡ് നം.8, 11.

നിയമം അനുശാസിക്കും വിധം ഗ്രാമ സഭ വിളിച്ച് ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് - രേഖകൾ ഹാജരാക്കേണ്ടതാണ്

പദ്ധതി നം. S0006/21 - എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ - 750000 വികസന ഫണ്ട് എസ്.സി.പി

ചെലവ് - 4,08,435/- (വൗച്ചർ നം. 22001334/18.03.21)

പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും നിന്നും 15 ലാപ് ടോപ്പ് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. വകുപ്പിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചോതിഷ.എം.ഡി (ഒന്നാം വർഷ B Com, ആര്യഭട്ട കോളേജ്), ശിബിൻ. വി. എസ് (ഒന്നാം വർഷ BBA വിദ്യാർത്ഥി, Le-ment College Of Management And Arts) എന്നവരുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുന്നതു വരെ ചെലവുതുക 4,08,435/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.11/26.07.21)

## 1-27 ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടത്തിയ പദ്ധതിയിലെ അപാകതകൾ

പദ്ധതി നം. 102/21 – ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ - ₹ 4,00,000/-
ചെലവ് - ₹ 4,00,000/- (ബിൽ നം. 1/2020-21 /15.02.2021)

ഈ പദ്ധതിപ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 'ഔഷധി', കുട്ടനെല്ലൂർ, തൃശ്ശൂർ, എന്ന സ്ഥാപനത്തിന് 15.02.2021 ൽ ₹ 4,00,000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ₹2,20,054/- രൂപയുടെ (ഇൻവോയ്സ് നം. 90202350/ തീയതി 10.3.2021) മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഈ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയത് ഗൗരവമായ കൃത്യവിലോപമാണ്.
₹1,79,946/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്നത് സംബന്ധിച്ച് നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. മരുന്നുകൾ വൈകുന്നതിനു കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് 'ഔഷധി' ക്ക് കത്ത് നല്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 ആശ്രയ (ജനറൽ) ഗുണഭോക്താക്കൾക്ക് വീട് റിപ്പയർ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പദ്ധതി നം. S0075/21 – ആശ്രയ (ജനറൽ) ഗുണഭോക്താക്കൾക്ക് വീട് റിപ്പയർ

അടങ്കൽ - 150000 വികസന ഫണ്ട് ജനറൽ

ചെലവ് –1,50,000/- (വൗച്ചർ നം.2200649/09.07.20)

പദ്ധതിയുടെ ഭാഗമായി 1,50,000 രൂപ അഗതി രഹിത കേരളം (എസ് ബി ഐ കുന്നംകുളം) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകി. ആയതിൽ നിന്നും പ്രവൃത്തി പൂർത്തീകരിച്ച 2 ഗുണഭോക്താക്കൾക്ക് 50000 രൂപ നൽകിയിട്ടുണ്ട്. മറ്റൊരു ഗുണഭോക്താവായ അന്തോണി, തെക്കേമാവിളാകം എന്നയാൾക്ക് 19/01/21ന് 25000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിച്ച് തുക കൈമാറി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.11/26.07.21)

## 1-29 വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകങ്ങൾ

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രൊജക്ടുകളിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 2020 ഏപ്രിൽ 1 മുതൽ 2020 നവംബർ 18 വരെയുള്ള ക്യാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. പ്രൊജക്ട് – പോർക്കുളം എസ്.എൽ.ബി.പി (46/ 20)

അടങ്കൽ : 300000

ചെലവ് : 150000/-, ബിൽ നമ്പർ : 2/2020-21 തീ 15/3/ 2021

A. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ രേഖകൾ ലഭ്യമല്ല.

B. വകുപ്പ് വിഹിതം ലഭ്യമാവാത്തതിനാൽ ഗുണഭോക്താക്കളുടെ എണ്ണം കുറക്കാൻ 19.02.2021 ൽ നടന്ന ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്. (2 (4) നമ്പർ തീരുമാനം) എന്നാൽ വകുപ്പ് വിഹിതം ലഭ്യമാവാത്തതിന്റെ കാരണം വ്യക്തമല്ല. ആയത് അറിയിച്ചു കൊണ്ടുള്ള രേഖകൾ ലഭ്യമല്ല.

C. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തു അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

D. പ്രോജക്ടിന്റെ തുടർവിവരങ്ങൾ ലഭ്യമല്ല.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.12/27.7.21) നൽകിയ മറുപടിയിൽ ക്യാഷ് ബുക്ക് പരിശോധനക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് കാഫ് ബർത്ത് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ ആണെന്നും വകുപ്പ് വിഹിതം ലഭിക്കാത്തത് സംബന്ധിച്ചുള്ള കത്ത് ലഭ്യമായാൽ ഓഡിറ്റിന് നൽകാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ബില്ലിംഗ് മെഷീൻ ഉപയോഗിച്ച് വാങ്ങുകയും DD, SLBP യുടെ അക്കൗണ്ടിലേക്ക് കുന്നംകുളം ഏരിയയിലെ വെറ്ററിനറി സർജൻ അടവാക്കുകയാണെന്നും DD, SLBP ആണ് പദ്ധതി നിർവ്വഹണം നടത്തുന്നതും പഞ്ചായത്തിൽ നിന്നും നൽകിയ വികസന ഫണ്ടും അതാതു മാസം ലഭിക്കുന്ന ഗുണഭോക്തൃ വിഹിതവും ചേർത്ത് തീറ്റയുടെ വില കേരള ഫീഡ്സിനു നൽകുന്നതെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി റിവിഷൻ നടത്തേണ്ടി വന്നതിനാൽ തീറ്റ വിതരണം നടപ്പിലാക്കി തുടങ്ങിയിട്ട് 3 മാസമേ ആയിട്ടുള്ളൂവെന്നുമുള്ള വിവരവും ലഭ്യമാക്കിയിട്ടുണ്ട്. ക്യാഷ് ബുക്ക്, കാഫ് ബർത്ത് രജിസ്റ്റർ, വകുപ്പ് വിഹിതം ലഭ്യമാവില്ല എന്ന് അറിയിച്ചു കൊണ്ടുള്ള കത്ത്, പ്രൊജക്ട് പൂർത്തീകരിച്ചാൽ ആയതിന്റെ വിവരം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-30 കൃഷി ഓഫീസർ നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ

1) പദ്ധതി നം. 211/21 - നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കൽ

അടങ്കൽ : 45000/-

ചെലവ് : 22729/-

ബിൽ നം. PKB:J/19/2020-21/29.03.2021 –9729/-

PKB:J/20/2020-21/25.03.2021 - 7500/-

PKB:J/21/2020-21/25.03.2021 –5500/-

പദ്ധതിപ്രകാരം നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി (നം. 27/ 2020-21/ 30.07.2021) മുഖേന ആവശ്യപ്പെട്ടിരുന്നു. നീർത്തട മാസ്റ്റർപ്ലാനിന്റെ കരട് ഹാജരാക്കി. എത്രയും പെട്ടെന്ന് തന്നെ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കുമെന്ന് കൃഷി ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. ആയത് ഹാജരാക്കേണ്ടതാണ്.

2) പദ്ധതി നം. 27/21 - കൃഷിഭവൻ ഓഫീസ് സാമഗ്രികൾ വാങ്ങൽ

അടങ്കൽ : 1,00,000/-

ചെലവ് : 98604/- (₹ 20000/- + ₹47059/- + ₹ 31545/- )

പദ്ധതിപ്രകാരം കൃഷിഭവൻ ഓഫീസിലേക്ക്

1) ഇൻവെർട്ടർ, ബാറ്ററി (₹ 20000/-)

2) 3 ടേബിളുകൾ, 3 ചെയറുകൾ (₹47059/-) എന്നിവ വാങ്ങിയിട്ടുണ്ട്.

കെൽട്രോണിൽ നിന്നും ₹ 31545/- രൂപയുടെ കമ്പ്യൂട്ടർ ലഭിക്കുവാനുണ്ട്. (CIN : U74999KL1972GC002450, Reference No. 23134, Date : 04-03-2021). ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 അങ്കണവാടി കെട്ടിടങ്ങൾ പണിയുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

പോർക്കുളം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | | എണ്ണം |
|---|---|---|
| 1 | പോർക്കുളം ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ എണ്ണം | 16 |
| 2 | അങ്കണവാടി കുട്ടികളുടെ എണ്ണം | 351 |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 12 |
| 4 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 4 |
| 5 | അങ്കണവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. എഞ്ചിനിയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 13 |
| 6 | അങ്കണവാടി കെട്ടിടം സുരക്ഷിതത്വമുള്ളതല്ലെന്ന് L.S.G.D. എഞ്ചിനിയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 3 |
| 7 | ശൗച്യാലയങ്ങളുള്ളത് | സ്വന്തം കെട്ടിടം-12<br>വാടകക്കെട്ടിടം-3 |
| 8 | ചുറ്റുമതിലുള്ളത് | സ്വന്തം കെട്ടിടം-11<br>വാടകക്കെട്ടിടം-0 |
| 9 | വൈദ്യുതീകരിച്ചത് | സ്വന്തം കെട്ടിടം-12<br>വാടകക്കെട്ടിടം-4 |
| 10 | വാട്ടർ കൺക്ഷനുള്ളത് | സ്വന്തം കെട്ടിടം-12<br>വാടകക്കെട്ടിടം-1 |
| 11 | ധാന്യ സംഭരണിയുള്ളത് | 16 |
| 12 | എൽ.പി.ജി. കണക്ഷനുള്ളത് | 16 |

22-03-2011 ലെ സർക്കുലർ നം.31055/ഡി.സി-2/2011/തസ്വഭവ ഖണ്ഡിക 'സി ' പ്രകാരം പോർക്കുളം ഗ്രാമപഞ്ചായത്ത് അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചിനിയർ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് നല്കിയിട്ടുള്ളതാകുന്നു. 2019 ലെ അസിസ്റ്റന്റ് എൻജിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം സുരക്ഷിതമല്ലാത്ത അങ്കണവാടികൾ AW No. 68, 69, 70 എന്നിവയാണ്. ഈ കെട്ടിടങ്ങൾ സംബന്ധിച്ച് സൂപ്പർവൈസർ നല്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) AW No.68 – മെയിന്റനൻസ് ചെയ്തു. നിലവിൽ അപാകത പരിഹരിച്ചു.

2) AW No.69 – 30 വർഷത്തിലധികം പഴക്കമുള്ള കെട്ടിടം പൊളിച്ചു പണിയുന്നു.

3) AW No.70 – ഒറ്റമുറി ഷെഡ്ഡിൽ നിന്ന് പുതിയ സുരക്ഷിതമായ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റിയിട്ടുണ്ട്.

AW No.68 യുടെ അപാകത പരിഹരിച്ചു എന്ന് എ.ഇ.യുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

പഞ്ചായത്ത് കമ്മിറ്റിയുടെ 29.06.2019 ലെ 7 (1) തീരുമാനത്തിൽ അങ്കണവാടി കെട്ടിടങ്ങളിൽ 3 എണ്ണം സുരക്ഷിതമല്ല എന്ന് അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥലം കണ്ടെത്തേണ്ടത് അത്യാവശ്യമാണ് എന്ന് പറയുന്നു. ഇപ്രകാരം സ്ഥലം വാങ്ങി അങ്കണവാടി കെട്ടിടങ്ങൾ പണിയുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-32 ഫാർമസി സ്റ്റോർ എയർകണ്ടീഷൻ ചെയ്യുന്നത്- പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - പി.എച്ച്.സി മെഡിക്കൽ ഓഫീസർ

പ്രോജക്ട് - ഫാർമസി സ്റ്റോർ എയർകണ്ടീഷൻ ചെയ്യുന്നത് (137/21)

അടങ്കൽ - 53477

ചെലവ് - 53,477/- 1/20-21, 21.4.20

53477/- രൂപ തൃശ്ശൂർ PWD ഇലക്ട്രിക്കൽ വിഭാഗം അസി.എക്സി.എഞ്ചിനീയറുടെ പേരിൽ ഫാർമസി സ്റ്റോർ എയർകണ്ടീഷൻ ചെയ്യുന്നതിന് ഡെപ്പോസിറ്റ് ചെയ്തതായി കാണുന്നു. എന്നാൽ നാളിതുവരെ വർക്ക് പൂർത്തീകരിച്ചിട്ടില്ല. പ്രവർത്തി പൂർത്തീകരിച്ച് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-33 പി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ - മരുന്നുകൾ ലഭ്യമായിട്ടില്ല

1) പ്രോജക്ട് - പാലിയേറ്റീവ് പരിചരണം (145/21)

അടങ്കൽ - 257495

ചെലവ് - 157495/- 5/20-21, 7.5.20

പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി തുക കൈമാറിയെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

2) പ്രോജക്ട് - പി.എച്ച്.സി യിലേക്ക് മരുന്ന് (12/21)

അടങ്കൽ - 300000

ചെലവ് - 300000/- 29/20-21, 10.2.21

മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക കൈമാറിയെങ്കിലും 24012/- രൂപയുടെ മരുന്ന് മാത്രമാണ് നാളിതുവരെ ലഭിച്ചത്. എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതുമാണ്.

3) പ്രോജക്ട് - പാലിയേറ്റീവ് പരിചരണം (18/21)

അടങ്കൽ - 845000

ചെലവ് - 545000/-

മരുന്നുകൾ വാങ്ങുന്നതിനായി തുക കൈമാറിയെങ്കിലും ഫാർമസിയിൽ മരുന്ന് ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററുകളിൽ എൻട്രി വരുത്തി ഹാജരാക്കേണ്ടതുമാണ്.

പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ പ്രധാനമായും രോഗികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മരുന്നുകളും അത്യാവശ്യസാഹചര്യങ്ങളും ഒരുക്കികൊടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവിന്റെ ഭൂരിഭാഗവും വാഹനവാടക നൽകിയതായിട്ടാണ് കാണുന്നത്. പ്രോജക്ടുമായി ബന്ധപ്പെട്ട് 545000 രൂപയുടെ ചെലവ് ഉണ്ടെങ്കിലും മരുന്നിനായി ചെലവഴിച്ച തുക 151000/- രൂപ മാത്രമാണ്. നാളിതുവരെ മരുന്ന് ലഭ്യമായിട്ടുമില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-34 കേന്ദ്രസർക്കാർ ഫണ്ട് - സ്വച്ഛ് ഭാരത് മിഷൻ തുക പൂർണ്ണമായും ഉപയോഗിച്ചിട്ടില്ല

പ്രോജക്ട് -ഉറവിട മാലിന്യ സംസ്കരണം സ്വകാര്യ സ്ഥാപനങ്ങളിൽ നടപ്പാക്കൽ (182/20)
അടങ്കൽ - 735500, 619100

ചെലവ് - 116400/-, 21.12.19, 65238/-, 1.10.20

സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ പദ്ധതി പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ഉറവിട മാലിന്യ സംസ്കരണത്തിനായി ലഭിച്ച 11 ലക്ഷം രൂപ ഉപയോഗിച്ച് പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതു സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണം നടപ്പാക്കുന്നതിന് IRTC യുമായി കരാറിൽ ഏർപ്പെടുകയുണ്ടായി. IRTC തയ്യാറാക്കിയ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രകാരം 582000/- രൂപയ്ക്കാണ് ടെക്നിക്കൽ സാങ്ക്ഷൻ ലഭിച്ചിട്ടുള്ളത്. 31.3.18 ലെ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ലഭ്യമായ തുക 31.3.19 ന് മുമ്പായി വിനിയോഗിക്കുന്നതിനും നിർദ്ദേശം ലഭിച്ചതായി ഫയലിൽ കാണുന്നു. അതിൻപ്രകാരം വിവിധ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുകയും ഗുണഭോക്തൃ വിഹിതം ഈടാക്കി പ്ലാന്റ് സ്ഥാപിക്കുന്നതിന് കരാർ വെക്കുകയും ചെയ്യേണ്ടതാണ്.

പദ്ധതി പ്രകാരം നാളിതുവരെയുള്ള ചെലവ് 1,81,638/- രൂപ മാത്രമാണ്. എവറസ്റ്റ് കൺവെൻഷൻ സെന്റർ എന്ന ഒരു സ്ഥാപനത്തിൽ മാത്രമാണ് മാലിന്യ സംസ്കരണ യൂണിറ്റ് നടപ്പാക്കിയത്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഈടാക്കിയ തുക, എത്ര സ്ഥാപനം എഗ്രിമെന്റ് വെച്ചു, ഗുണഭോക്താക്കളുടെ തെരഞ്ഞെടുക്കൽ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിന് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

മുൻകൂർ ഗഡുക്കളായി കൈപ്പറ്റിയ തിയതി മുതൽ പരമാവധി 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് IRTC പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് സെക്രട്ടറിയും അസി.എഞ്ചിനീയറും തമ്മിലുള്ള കരാറിൽ പറയുന്നു. എന്നിരിക്കെ പ്രോജക്ട് നടപ്പാക്കുന്നതിന് കാലതാമസം വരുന്നതിനുള്ള കാരണം വ്യക്തമാക്കുകയും പ്രോജക്ട് നടപ്പാക്കി മാലിന്യസംസ്കരണത്തിന് അറുതി കണ്ടെത്തുകയും ചെയ്യേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 31/20-21)

## 1-35 മരാമത്ത് പ്രോജക്ടുകൾ നടപ്പാക്കിയതിലെ പൊതു അപാകതകൾ

1. വളരെയധികം പ്രൊജക്ടുകൾ തയ്യാറാക്കുകയും ഭൂരിഭാഗവും നടപ്പാക്കാതിരിക്കുകയും ചെയ്യുന്ന

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 79 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 65 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 2019-20 വർഷത്തിൽ ആകെ 84 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 32 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 2019-20, 2020-21 വർഷങ്ങളിലെ വിശദമായ വിവരം ചുവടെ ചേർക്കുന്നു.

| 2019-20 വർഷം | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയത് | നടപ്പാക്കാത്തത് |
|---|---|---|---|
| പുതിയ പ്രോജക്ടുകൾ | 49 | 8 | 41 |
| സ്പിൽഓവർ പ്രോജക്ടുകൾ | 35 | 24 | 11 |
| ആകെ | 84 | 32 | 52 |

| 2020-21 വർഷം | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയത് | നടപ്പാക്കാത്തത് |
|---|---|---|---|
| പുതിയ പ്രോജക്ടുകൾ | 24 | 17 | 7 |
| സ്പിൽഓവർ പ്രോജക്ടുകൾ | 55 | 48 | 7 |
| ആകെ | 79 | 65 | 14 |

2019-20 വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 35 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 11 പ്രൊജക്ടുകൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല. 2020-21 വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 55 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 7 പ്രൊജക്ടുകൾ തൻവർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

പൊതുമരാമത്ത് പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി എന്നത് പദ്ധതി പ്രവർത്തനങ്ങളിലെ ആസൂത്രണ നിർവഹണ ഘട്ടങ്ങളിലെ വീഴ്ചകൾ കാരണമാണ്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ഫണ്ട് ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാനാവുന്നില്ല എന്ന് കാണുന്നു. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ പ്രായോഗിക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഇത്രയധികം സ്പിൽഓവർ പ്രോജക്ടുകൾ ഉണ്ടായത് എങ്ങനെ എന്ന് ഭരണസമിതി വിശകലനം നടത്തേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. ടെണ്ടറുകളിൽ മൽസര സ്വഭാവം ഇല്ല

ഓഡിറ്റ് വർഷം മാന്വൽ ടെണ്ടർ മുഖേന നിർവ്വഹിച്ച മിക്ക പ്രവൃത്തികളിലും രണ്ട് പേർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിലും രണ്ടാമൻ എസ്റ്റിമേറ്റിലും ഉയർന്ന നിരക്കുമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. ടെണ്ടറുകളിൽ മൽസര സ്വഭാവം ഇല്ലാത്തതിനാൽ ടെണ്ടർ സേവിങ്സ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാവുമായിരുന്ന ഫണ്ട് നഷ്ടപ്പെടുന്ന അവസ്ഥ വരുന്നു. ടെണ്ടറുകൾക്ക് കൂടുതൽ പരസ്യം നൽകി മൽസര സ്വഭാവവും സുതാര്യതയും ഉറപ്പ് വരുത്തുന്നതിന് നിയമാനുസൃത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3. പൊതു മരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യുന്നില്ല

1997- ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം-17 (3) പ്രകാരം പഞ്ചായത്ത് നടത്തുന്ന പൊതു മരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അതായത് പണിയുടെ പേർ, പണി ചെയ്യിക്കുന്നത് കരാർ വ്യവസ്ഥയിലോ, പഞ്ചായത്ത് നേരിട്ടോ, ഗുണഭോക്തൃ സമിതി മുഖേനയോ എന്ന്, കരാറുകാരന്റെ അല്ലെങ്കിൽ ഗുണഭോക്തൃ സമിതി കൺവീനറുടെയും പേരും മേൽവിലാസവും, എസ്റ്റിമേറ്റ് തുകയും കാലാവധിയും, പണി തുടങ്ങിയ തിയതിയും ചെയ്തു തീർക്കേണ്ട തീയതിയും, കരാറുകാരന് അനുവദിച്ച ടെൻഡർ നിരക്ക്, പണിക്ക് വേണ്ടി നൽകിയ മുൻകൂർ തുകയുടെയും മറ്റ് ആനുകൂല്യങ്ങളുടേയും വിവരം തുടങ്ങിയവ അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേർ, വർഷം, പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ/നിർവ്വഹണ ഏജൻസിയുടെ പേരും ഫോൺനമ്പരും, എഞ്ചിനീയറുടെ പേരും ഫോൺനമ്പരും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെഅളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണമെന്ന് 13-ാം പദ്ധതി മാർഗ്ഗരേഖയിലും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് മേൽ നിർദ്ദേശം പാലിക്കുന്നില്ല.

4. പദ്ധതി രൂപീകരണത്തിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല

പദ്ധതി ആസൂത്രണത്തിനും ഓരോ വിഷയ മേഖലയ്ക്കും വേണ്ടി രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷ പ്രൊജക്ടുകളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക എന്നിവ മുതൽ ഡാറ്റ എൻട്രിക്ക് ശേഷം പ്രൊജക്ട് പ്രിന്റ് ഔട്ട് പരിശോധിക്കുന്നതു വരെയുള്ള പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക മാത്രമാണ് നടന്നിട്ടുള്ളത്. പ്രോജക്ടുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ, നിർവഹണ, മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വർക്കിംഗ് ഗ്രൂപ്പ്. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഇക്കാര്യത്തിൽ നിഷ്ക്രിയമായിരുന്നുവെന്ന് മിനുട്സിൽ നിന്നും വ്യക്തമാകുന്നു. പരിശോധനാ കാലയളവിൽ 2019-20, 2020-21 വർഷങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ് യോഗം 3 തവണ വീതം ചേർന്നിട്ടുണ്ട് എങ്കിലും തീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.

5. റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166, പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം റോഡ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011 ലെ സ.ഉ (എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ. (കൈ.) നം.11/2018/ത.സ്വ.ഭ.വ, 29.01.18 -ലെ ഖണ്ഡിക 7.13 (1) പ്രകാരവും ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഭൂരിഭാഗം പ്രവൃത്തികളും റോഡ് പ്രവൃത്തികളായിരുന്നിട്ടും ഈ നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ആയതിനാൽ മുൻഗണനാക്രമത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയത് എന്ന് പരിശോധിച്ചുറപ്പാക്കാൻ സംവിധാനമില്ല. റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം

പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

## 1-36 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് – എൻ ആർ എച്ച് എം ന കീഴിൽ വരുന്ന ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ (79/21)

ബിൽ നം –29/23-11-20 തുക –1,00,000/-

ബിൽ നം –55/29-3-21 തുക –21,200/-

പ്രോജക്റ്റ് പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റിവ് സൊസൈറ്റിക്ക് തുക നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് ബന്ധപ്പെട്ട രേഖകൾ /സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-37 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ -രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്റ്റുകളോടനുബന്ധിച്ചുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്റ്റ് നം /പേര് | സ്ഥാപനം | ട്രഷറി ബിൽ നം/തുക | രേഖ |
|---|---|---|---|---|
| 1 | 80/21 കാൻ വിഹിതം നൽകൽ | ജില്ലാ പഞ്ചായത്ത് | ബിൽ നം-63/20-21 തി-30-3-21 തുക –50000 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 2 | 13/21 ഐ.കെ.എം വിഹിതം | ഐ.കെ.എം | ബിൽ നം-56/20-21 തി-19-3-21 തുക –50685 | വിനിയോഗ സാക്ഷ്യപത്രം |
| 3 | 94/21തെരുവ് വിളക്ക്-ലൈൻ നീട്ടൽ | 1)KSEB പഴഞ്ഞി 2)KSEB പഴഞ്ഞി | ബിൽ നം-51/21 Dt-19-3-21 തുക-77232 ബിൽ നം-25/21 Dt-23-11-20 തുക –127932 | രശീതി, വിനിയോഗ സാക്ഷ്യപത്രം, പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം |
| 4 | 216/21 മൂന്നാം വാർഡിലെ കുടിവെള്ള പദ്ധതി | Kerala Water Authority | ബിൽ നം -52/20-21 തിയ്യതി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തുക –1500000 | വിനിയോഗ സാക്ഷ്യപത്രം, പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം/എസ്റ്റിമേറ്റ് |
| 5 | 84/21 പെർഫോർമൻസ് ഓഡിറ്റിന് വിഹിതം നൽകൽ | സീനിയർ സൂപ്രണ്ട് PAU | ബിൽ നം - ചെക്ക് നം – 136282-24.12.20. തുക - 30000 | വിനിയോഗ സാക്ഷ്യപത്രം |

രശീതി ലഭ്യമാക്കാത്ത 255164/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്യിട്ടില്ലാത്ത സ്ഥാപനത്തിന് മുൻകൂർ അനുവദിച്ചു

പ്രോജക്റ്റ് – അങ്കണവാടികളിലേക്കും വായനശാലകളിലേക്കും പത്രങ്ങളും ആനുകാലികങ്ങളും വാങ്ങൽ (87/20)

വൗച്ചർ നം - 22001005/11-1-21 തുക-54600/-

പദ്ധതി പ്രകാരം 16 അങ്കണവാടികളിലേക്കും ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരമുള്ള 5 വായനശാലകളിലേക്കും പത്രങ്ങളും ആനുകാലികങ്ങളും വാങ്ങി നൽകുന്നതിനായി തനതു ഫണ്ടിൽ നിന്നും മുൻകൂറായി ദേശാഭിമാനി പബ്ളിഷേഴ്സിന് തുക നൽകിയിട്ടുണ്ട്. മേൽ പ്രകാരം തുക മുൻകൂറായി അനുവദിയ്ക്കാവുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് സർക്കാർ ഉത്തരവ് നം 177/2006 Fin Dt 12/4/06പ്രകാരം സ്പഷ്ടമാക്കിയിട്ടുള്ളതാണ്. (കാറ്റഗറി എഫ് ഫണ്ടായ തനതു ഫണ്ടുൾപ്പെടെ) ആയതിലുൾപ്പെടാത്ത സ്ഥാപനത്തിന് മേൽ പ്രകാരം തുക അനുവദിച്ചതിന് അടിസ്ഥാനമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല. എല്ലാ വായനശാലകളുടെയും ഗ്രന്ഥശാലാസംഘത്തിന്റെയും അംഗീകാരത്തിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പാലിച്ച് നടപ്പിലാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-39 കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം - സംയുക്തപരിശോധന നടത്തിയതിന്റെ വിവരം ലഭ്യമല്ല

പ്രോജക്റ്റ് – കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം (61/21)

അടങ്കൽ –1092000

ചെലവ് –10,92,000/-

മേൽ പദ്ധതി പ്രകാരം 2020-21 വർഷം 10,92,000 രൂപ ചെലവുണ്ട്. തൻ വർഷം കുടിവെള്ള പദ്ധതിയായ നഗര സഞ്ചയ പ്രോജക്റ്റ് പ്രകാരം 15,00,000 രൂപയും വിവിധ പദ്ധതികളിലായി 15,400 രൂപയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അതു കൂടാതെ ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണത്തിനായി 4,70,250 രൂപയും അടക്കം ആകെ 30,77,650 രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ 208 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കികൊണ്ടിരിയ്ക്കുന്നത്. മുഴുവൻ ടാപ്പുകളും പ്രവർത്തന ക്ഷമമാണോ എന്നത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം ആവശ്യപ്പെട്ട് വാട്ടർ അതോറിറ്റിയ്ക്ക് കത്തു നൽകിയതായി ഫയലിൽ രേഖയില്ല. ഉണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്. കുടിവെള്ള വിതരണത്തിനായി ഭീമമായ സംഖ്യ ചെലവഴിയ്ക്കുന്ന പഞ്ചായത്തിൽ ടാപ്പുകളുടെ സംയുക്ത പരിശോധന താമസംവിനാ നടപ്പിലാക്കേണ്ടതും ഉപയോഗശൂന്യമായവക്ക് തുക നൽകി പദ്ധതി പണം പാഴാക്കുന്നില്ലെന്നത് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-40 തുല്യത പരീക്ഷ - രേഖകൾ ലഭ്യമല്ല

പ്രോജക്റ്റ് – തുടർ സാക്ഷരത –തുല്യതാ പരീക്ഷ ഫീസ് അടവാക്കൽ (154/21)

ബിൽ നം 50/21 തി –19-3-21 തുക –15400/-

മേൽ പദ്ധതി പ്രകാരം 7 ഹയർ സെക്കന്ററി തുല്യത പരീക്ഷയ്ക്കായി 15,400/- (2200*7) രൂപ അടവാക്കിയിട്ടുണ്ട്. പഠിതാക്കളുടെ അഡ്മിഷൻ സംബന്ധിച്ച രേഖകൾ, അഡ്മിഷൻ ഫീസ് ഒടുക്കിയതിന്റെ വിവരങ്ങൾ, തുക അടവാക്കിയതിന്റെ രശീതി എന്നിവ ഫയലിലില്ല. ആയവ ലഭ്യമാക്കുന്നതു വരെ ചെലവു തുക 15,400/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-41 ഒരേ ബിൽ പ്രകാരമുള്ള പത്ര പരസ്യത്തിനായി രണ്ടു തവണ തുക അനുവദിച്ചു

പ്രോജക്റ്റ് – പദ്ധതി രൂപീകരണം, മോണിറ്ററിംഗ് (154/21)

ബിൽ നം 6/21 തി –28-7-20 തുക –34,860/-

ബിൽ നം 14/21 തി –26-08-20 തുക –14,379/-

മേൽ പദ്ധതിയ്ക്കായി പത്ര പരസ്യം നൽകിയതിന്റെ തുക നൽകിയതിൽ ഒരേ ബിൽ പ്രകാരം (Tcr/20-21-0647 Dt 4-7-20) 6300/- രൂപ രണ്ടു തവണ ദേശാഭിമാനി പബ്ളിഷേഴ്സിന് അനുവദിച്ചതായി കാണുന്നു.

ബിൽ നം 58/21 തി-19-3-21 തുക - 2693/-

ബിൽ നം 59/21 തി-19-3-21 തുക – 2693/-

മേൽ ബില്ലുകൾ പ്രകാരം Address Advertising Agency ക്ക് തുക അനുവദിച്ചിട്ടുണ്ട്. (ബിൽ നം 160/154 Dt 23-10-20 തുക 2693)

അധികം അടവാക്കിയ തുക തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 8993/- (6300 + 2693) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല

1. രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല

പ്രോജക്റ്റ് – ഭവനപുനരുദ്ധാരണം SC (SO) (123/21)

അടങ്കൽ – 275000

ചെലവ് – 275000/-

ചെലവു വിശദാംശങ്ങൾ, ഗുണഭോക്താക്കളുടെ ഒപ്പ് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല

പ്രോജക്റ്റ് – ഭവനപുനരുദ്ധാരണം SC (New) (123/21)

അടങ്കൽ – 750000

ചെലവ് – 187500/-

ചെലവു വിശദാംശങ്ങൾ, ഗുണഭോക്താക്കളുടെ ഒപ്പ് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-43 ലൈഫ് ഗുണഭോക്താവിന്റെ അർഹത പുനപരിശോധിയ്ക്കേണ്ടതാണ്

പ്രോജക്റ്റ് – ലൈഫ് ഭവന നിർമ്മാണം – ജനറൽ (123/21)

അടങ്കൽ –5522871

ചെലവ് –31,20,000/-

ബിൽ നം –21/20-21 തിയ്യതി –20-9-20 തുക –1,00,000

ബിൽ നം –3/20-21 തിയ്യതി –17-6-20 തുക –1,00,000

ബിൽ നം –7/20-21 തിയ്യതി –13-5-20 തുക –1,60,000

മേൽ പദ്ധതി പ്രകാരം രമണി W/o ചന്ദ്രൻ, പള്ളിക്കര എന്നവർക്ക് വിവിധ ബില്ലുകളിലായി 4,00,000 രൂപ നല്കിയിട്ടുണ്ട്. ടിയാരിയുടെ ഫയൽ പരിശോധിച്ചതിൽ ടിയാരിയുടെ ഭർത്താവായ ചന്ദ്രൻ എന്നവരുടെ പേരിൽ മങ്ങാട് വില്ലേജ് ഓഫീസിൽ കരം അടവാക്കിയ Kl08072100708/19 നം രശീതി പ്രകാരം സർവെ നം- 1) 190/2-1,22 ആർ 96 സ്ക്വയർ മീറ്റർ നിലം എന്നും 2) 176,2 ആർ പുരയിടം ആകെ വിസ്തീർണ്ണം 24 ആർ, 96 സ്ക്വയർമീറ്റർ എന്നും രേഖപ്പെടുത്തി കാണുന്നു. ലൈഫ് ഭവന പദ്ധതി സംബന്ധമായ വിവിധ ഉത്തരവുകൾ പ്രകാരം അർഹതാ മാനദണ്ഡം ഗ്രാമ പ്രദേശങ്ങളിൽ 25 സെന്റ് ഭൂമി വരെ സ്വന്തമായുള്ളവർക്കാണ് അർഹതയുള്ളത്. നിലവിലുള്ള ഉത്തരവുകൾക്ക് വിധേയമല്ലാതെ ധനസഹായം കൈപ്പറ്റിയ ടിയാരിയുടെ അർഹത പുന:പരിശോധിക്കേണ്ടതാണ്.

## 1-44 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

പ്രോജക്റ്റ് – തെരുവ് വിളക്ക് പരിപാലനം (2/21)

ബിൽ നം – 38/20-21 Dt31-1-21 തുക –2,59,500/-

ബിൽ നം – 3/20-21 Dt 28-4-20 തുക –1,24,750/-

കരാറുകാരൻ - ഷൈജു ചിറ്റിലപ്പിള്ളി

തെരുവ് വിളക്ക് പരിപാലനം എന്ന പദ്ധതിക്ക് ലഭിച്ച രണ്ടു നിരക്കുകളിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ ഷൈജു ചിറ്റിലപ്പിള്ളി എന്നവർക്കാണ് ടെണ്ടർ അംഗീകരിച്ചു നൽകിയത്. പദ്ധതി പ്രകാരം വാർഡുമെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് തെരുവു വിളക്കുകളുടെ പരിപാലനത്തിനുളള തുക അനുവദിക്കുന്നത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി പ്രകാരം വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നതെന്നിരിക്കെ ടിയാരുടെ സാക്ഷ്യപത്രത്തിൽ ഏതെല്ലാം ഇനത്തിൽപെട്ട തെരുവു വിളക്കുകളാണ് അറ്റകുറ്റപണി നടത്തിയതെന്ന് രേഖപ്പെടുത്തിയില്ല. ആയതിനാൽ തന്നെ നൽകിയ തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. 7-11-17 തിയ്യതിയിലെ 177/ഡിഎ3/(ത.സ്വ.ഭ.വ) നം സർക്കുലർ പ്രകാരം കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ ഗ്രൂപ്പ് എടുക്കേണ്ടതും ലൈസൻസിനൊപ്പം ഇൻഷൂറൻസ് സംബന്ധമായ രേഖകൾ സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അപ്രകാരം രേഖകൾ സമർപ്പിച്ചു കാണുന്നില്ല.

3. പഞ്ചായത്ത് പരിധിയിലുള്ള തെരുവുവിളക്കുകളുടെ ആകെ എണ്ണം, തരം (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. ആയതിന്റെ കണക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ടെണ്ടർ സംബന്ധമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ തെരുവ് വിളക്കുകളുടെ ഇനം തിരിച്ചിട്ടുള്ള കണക്കിന്റെ അടിസ്ഥാനത്തിലാണോ ടെണ്ടർ വിളിച്ചിട്ടുള്ളതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. 15-9-11 3055/DA 3-2011-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം അറ്റകുറ്റപണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം തെരുവുവിളക്കുകളുടെ അറ്റകുറ്റപണി നടത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്ന ഇക്കാര്യത്തിൽ നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. കരാറുകാരൻ ഹാജരാക്കിയിരിക്കുന്ന ബില്ലിൽ (ബിൽ നം-143/16-3-20) തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇനം തിരിച്ചിട്ടുള്ള കണക്ക് ലഭ്യമാക്കിയില്ല. സർക്കുലർ നം 3055/ഡിഎ/2011/ത.സ്വ.ഭ.വ പ്രകാരം വാങ്ങി ഫിറ്റ് ചെയ്യു സാധനങ്ങൾ ISI നിലവാരത്തിൽ ഉള്ളതാവണം എന്നും കെ.എസ്.ഇ.ബി യുടെ നിരക്കിനെക്കാൾ അധികരിക്കാത്തതാവണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. കരാറുകാരന്റെ ബില്ലിൽ (1371/23-9-20) മൊത്തം തുക മാത്രം രേഖപ്പെടുത്തി നിരക്ക് രേഖപ്പെടുത്താത്തതിനാൽ കെ.എസ്.ഇ.ബി യുടെ നിരക്കിനെക്കാൾ അധികരിച്ചിട്ടുണ്ടോയെന്നും പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

6. 124750 രൂപയുടെ ബിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ട തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുവാൻ ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-45 കമ്പ്യൂട്ടറുകളുടെ പർച്ചെയ്സ് - ലഭ്യതാ വിവരം/സ്റ്റോക്ക് വിവരം ലഭ്യമല്ല

പ്രോജക്റ്റ് – പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്ററും കമ്പ്യൂട്ടറും വാങ്ങൽ (208/21)

ബിൽ നം –31/20-21 Dt 25-11-20 തുക –12389/-

ബിൽ നം –53/20-21 Dt 19-3-21 തുക –31280/-

ബിൽ നം –54/20-21 Dt 19-3-21 തുക –25906/-

ബിൽ നം –33/19-20 Dt 25-12-20 തുക –22150/-

പ്രോജക്റ്റ്, ടെണ്ടർ സംബന്ധമായ രേഖകൾ എന്നിവ ഫയലില്ല. പദ്ധതി പ്രകാരം 2 പ്രിന്ററുകളും ഒരു കമ്പ്യൂട്ടറും വാങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ 5 പ്രിന്ററുകളും ഒരു കമ്പ്യൂട്ടറും വാങ്ങിയിട്ടുണ്ട്. ക്രമ നം. 2 ബിൽ പ്രകാരം തുക കൈമാറിയിരിക്കുന്നത് Kerala State ഐ.ടി മിഷന്റെ അക്കൗണ്ടിലേക്കാണ്. വാങ്ങലുകളുടെ സ്റ്റോക്ക്, വിതരണം സംബന്ധിച്ച വിശദാംശങ്ങൾ സഹിതം ലഭ്യമാക്കിയില്ല.

രേഖകൾ ലഭ്യമാകും വരേയും ചെലവു തുക 91,725/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-46 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - രേഖകൾ ലഭ്യമല്ല

പ്രോജക്റ്റ് – മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (160/21)

ബിൽ നം –20/20-21 തി –20-9-20 തുക - 4,35,599/-

പദ്ധതി പ്രകാരം പോർക്കുളം, മങ്ങാട്, അകതിയൂർ, അക്കികാവ് സെന്ററുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രവർത്തി ആർട്കോ യെ ഏൽപിച്ചിട്ടുണ്ട്. മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് KSEB യിൽ നിന്നും ലഭിച്ച അനുമതി സാക്ഷ്യ പത്രം, ലൈറ്റ് സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, തെരുവു വിളക്കുകളുടെ രജിസ്റ്ററിൽ വാറന്റി പിരീഡ് ഉൾപ്പെടെയുള്ള വിവരങ്ങൾ (കരാർ പ്രകാരം 24 മാസത്തേക്കാണ് വാറന്റി) ചേർത്ത് പരിശോധനക്ക് ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകും വരെ ചെലവ് തുക 435599/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-47 ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് -സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു. 2019-20, 2020-21 വർഷത്തിൽ നിർവഹിച്ച റോഡ് ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയ ഇനങ്ങളുടെ ഡാറ്റയിൽ 10% OH ഉം 10% CP യും ഉൾപ്പെടുന്നുണ്ട്. 07.05.2014-ലെ ജി.ഒ. (എം.എസ്) നം.74/14/തസ്വഭവ –ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP & OH ആയി 15% അനുവദിക്കാനേ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

കൂടാതെ PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു. DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP & OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ല്യൂഡി മാന്വൽ, മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

## 1-48 ദേശീയ തൊഴിലുറപ്പ് പദ്ധതി - ടെണ്ടർ നടപടികളിലെ അപാകതകൾ

ടെണ്ടർ നടപടിക്രമങ്ങളിൽ മത്സര സ്വഭാവം ഇല്ല - 2020-21 വർഷം തൊഴിലുറപ്പ് പദ്ധതിയിൽ 41 മെറ്റീരിയൽ പ്രവർത്തികളുടെ ടെണ്ടർ ക്ഷണിച്ചത് 5.6.20 ലെ പഞ്ചായത്ത് കമ്മിറ്റി വായിച്ച് അംഗീകരിക്കുകയുണ്ടായി. മുഴുവൻ പ്രവർത്തികൾക്കും 2 ടെണ്ടർ മാത്രമാണ് ലഭിച്ചത്. ഒരെണ്ണം എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയപ്പോൾ അടുത്തത് കൂടിയ നിരക്കും രേഖപ്പെടുത്തി. അങ്ങനെ 41 പ്രവർത്തികളും ഒരു കരാറുകാരന് തന്നെയാണ് ടെണ്ടർ ഉറപ്പിച്ചത്.

പ്രിലിമിനറി എഗ്രിമെന്റ് വെക്കുന്നില്ല - ടെണ്ടർ ഉറപ്പിച്ച കരാറുകാരൻ മാത്രമാണ് പ്രിലിമിനറി എഗ്രിമെന്റ് വെക്കുന്നത്. മറ്റേയാൾ മുഴുവൻ പ്രവർത്തികളിലും സമർപ്പിച്ചിട്ടില്ല.

നടപ്പാക്കുന്ന പ്രവർത്തികൾ തീരെ കുറവ് - അംഗീകാരം വാങ്ങുന്ന പ്രോജക്ടുകളുടെ എണ്ണവും നടപ്പാക്കുന്ന പ്രോജക്ടുകളുടെ എണ്ണവും തമ്മിൽ വളരെയധികം വ്യത്യാസം കാണുന്നു. 41 മെറ്റീരിയൽ പ്രവർത്തികളുടെ ടെണ്ടർ ഉറപ്പിച്ചതിൽ നടപ്പാക്കിയ പ്രോജക്ടുകൾ പകുതിയിലും കുറവാണ്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-49 ദേശീയ തൊഴിലുറപ്പ് പദ്ധതി - TDS ഈടാക്കിയിട്ടില്ല

മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതി മുഖേന നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് മെറ്റീരിയൽ വാങ്ങി നൽകുന്നതിനായി ടെണ്ടർ ക്ഷണിച്ച്, മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും നൽകിയ തുകയുടെ 2% TDS ഈടാക്കേണ്ടതാണ്. സെൻട്രൽ ടാക്സ് നോട്ടിഫിക്കേഷൻ നം. 50/2018 തീ. 13.09.18 പ്രകാരം, സപ്ലൈ ചെയ്ത സാധനങ്ങളുടെ മൊത്തം മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികമാകുന്ന പക്ഷം നൽകിയ തുകയുടെ 2% TDS ഈടാക്കി NEFT ആയി സർക്കാറിലേക്ക് അടവാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നോട്ടിഫിക്കേഷന് 01.10.2018 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്.

| ക്രമ.നം. | പ്രോജക്റ്റ് | പ്രവൃത്തി മൂല്യം | കരാറുകാരന് നൽകിയ തുക | ഈടാക്കേണ്ട തുക | അളവുപുസ്തകം |
|---|---|---|---|---|---|
| 1 | കോലാടിപ്പാടം റോഡ് കോൺക്രീറ്റിംഗ് | 294716 | 263240 | 5265 | 92/20-21 |
| 2 | മങ്ങാട് മാണിയൻകാവ് റോഡിൽനിന്നും പാടത്തേക്കുള്ള റോഡ് കോൺക്രീറ്റിംഗ് | 286400 | 242994 | 4860 | 92/20-21 |

| | | | | | |
|---|---|---|---|---|---|
| 3 | അണ്ടിത്തോട് റോഡ് കോൺക്രീറ്റിംഗ് | 317266 | 276452 | 5529 | 102/20-21 |
| 4 | കൊട്ടിലിങ്ങൽ ഇടവഴി യുവജന റോഡ് കോൺക്രീറ്റിംഗ് | 462376 | 406672 | 8133 | 91/20-21 |
| 5 | പണിക്കർത്താഴം ഇടവഴി റോഡ് കോൺക്രീറ്റിംഗ് | 290264 | 260534 | 5211 | 90/20-21 |
| 6 | കാരാമിൽ വൽസലൻനായരുടെ ഇടവഴി റോഡ് കോൺക്രീറ്റിംഗ് | 362732 | 324130 | 6483 | 110/20-21 |
| 7 | നോങ്ങല്ലൂർ മഹാവിഷ്ണുക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 371127 | 326705 | 6534 | 110/20-21 |
| 8 | ബിആർഡി റോഡ് മുതൽ ഒരുമനയൂർമനലിങ്ക് റോഡ് വരെ റോഡ് കോൺക്രീറ്റിംഗ് | 377168 | 325063 | 6501 | 113/20-21 |
| 9 | അക്കിക്കാവ് കിഴവീട്ടിൽ റോഡ് കോൺക്രീറ്റിംഗ് | 352145 | 316388 | 6328 | 113/20-21 |
| 10 | അകതിയൂർ മിൽ റോഡ് കോൺക്രീറ്റിംഗ് | 335166 | 288349 | 5767 | 112/20-21 |
| | ആകെ തുക | | | 60611/- രൂപ | |

അതിൻ പ്രകാരം മേൽപ്പറഞ്ഞ പ്രവർത്തികൾക്കായി തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്ന് TDS ഈടാക്കി അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എൻക്വയറിക്ക് മറുപടിയായി ഈടാക്കിയിട്ടില്ല എന്നാണ് അറിയിച്ചത്. ആയതിനാൽ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.17/20-21)

## 1-50 തൊഴിലുറപ്പ് പദ്ധതി - ക്വാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധിക നിരക്ക് നൽകിയത്

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഫില്ലിംഗ് വിത്ത് ക്വാറി മക്ക് വിത്ത് ലോക്കൽ മെറ്റീരിയൽ എന്നയിനം പ്രവൃത്തിക്ക് ച.മീറ്ററിന് 1263.348 രൂപ നിരക്കാണ് നൽകി കാണുന്നത്. എന്നാൽ പി.ഡബ്ലിയു.ഡി മാന്വൽ 2013 ഖണ്ഡിക 51.2.3 പ്രകാരം മേൽ പ്രവൃത്തിക്ക് DSR നിരക്ക് പ്രകാരം അനുവദിക്കാവുന്ന നിരക്ക് ച.മീറ്ററിന് 891.95 രൂപയാണ്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന പൊതു മരാമത്ത് പ്രവൃത്തികളിൽ ഇതേയിനം പ്രവൃത്തിക്ക് 891.95 രൂപ നൽകുമ്പോൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉയർന്ന നിരക്ക് അനുവദിക്കുന്നത് ക്രമപ്രകാരമല്ല. 2019-20, 2020-21 വർഷങ്ങളിൽ നടപ്പാക്കിയ മുഴുവൻ പ്രവൃത്തികളിലും ഇപ്രകാരം അധികമായി തുക ചെലവഴിച്ചതായി കാണുന്നു.

2020-21 വർഷം നടപ്പാക്കിയ 10 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അളവ് പുസ്തക നം. | ചെയ്ത അളവ് (ച.മീറ്റർ) | നൽകിയ തുക നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | കൊട്ടിലിങ്ങൽ ഇടവഴി റോഡ് കോൺക്രീറ്റിംഗ് | 91/20-21 | 42.05 | 53124<br>37506 | 15618 |
| 2 | പണിക്കർത്താഴം ഇടവഴി റോഡ് | 90/20-21 | 26.73 | 33769<br>23842 | 9927 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ് | | | | |
| 3 | കാരാമിൽ വൽസലൻനായരുടെ ഇടവഴി റോഡ് കോൺക്രീറ്റിംഗ് | 110/20-21 | 33.75 | 42638<br>30103 | 12535 |
| 4 | നോങ്ങല്ലൂർ മഹാവിഷ്ണുക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 110/20-21 | 35.38 | 44697<br>31557 | 13140 |
| 5 | ബിആർഡി റോഡ് മുതൽ ഒരുമനയൂർമന ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | 113/20-21 | 40.60 | 51291.9<br>36213 | 15079 |
| 6 | അക്കിക്കാവ് കിഴവീട്ടിൽ റോഡ് കോൺക്രീറ്റിംഗ് | 113/20-21 | 32.94 | 41614.68<br>29380.8 | 12234 |
| 7 | അകതിയൂർ മിൽ റോഡ് കോൺക്രീറ്റിംഗ് | 112/20-21 | 29.70 | 37521<br>26491 | 11030 |
| 8 | കോലാടിപ്പാടം വലിയവളപ്പിൽ അപ്പു റോഡ് കോൺക്രീറ്റിംഗ് | 92/20-21 | 26.94 | 34035<br>24029 | 10006 |
| 9 | മങ്ങാട് മാണിയൻകാവ് റോഡ് കോൺക്രീറ്റിംഗ് | 92/20-21 | 24.82 | 31356<br>22138 | 9218 |
| 10 | അണ്ടിത്തോട് റോഡ് കോൺക്രീറ്റിംഗ് | 102/20-21 | 28.30 | 35752.75<br>25242 | 10511 |
| | അധികം നൽകിയ ആകെ തുക | | | | 1,19,298 |

ഇപ്രകാരം കൂടിയ നിരക്കിൽ പ്രവൃത്തി നടപ്പാക്കുന്നതിന് കാരണം തിരക്കി ഓഡിറ്റ് എൻക്വയറി നം. 18/29.7.21 നൽകിയതിന് മറുപടിയായി, തൊഴിലുറപ്പ് പദ്ധതിക്ക് എസ്റ്റിമേറ്റുകൾ ഉണ്ടാക്കാനായി നിർമ്മിച്ച നൽകിയിട്ടുള്ള Secure എന്ന സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റുകൾ ഉണ്ടാക്കുന്നതെന്നും അതിൽ ഇപ്രകാരം കൂടിയ നിരക്കാണെന്നും പറയുന്നു. എന്നാൽ ഒരേ പ്രവൃത്തി വ്യത്യസ്ത നിരക്കിൽ ചെയ്യുന്നതിലൂടെ സാമ്പത്തിക ബാധ്യത വർദ്ധിക്കുന്നതായി കാണുന്നു. ആയതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. (എൻക്വയറി നം.18/29.7.21)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 107500 | അംഗൻവാടി പോഷകാഹാരം (പ്രൊ.നം.5/21) | 107500 | 0 |
| | | 50000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊ.നം.91/21) | 50000 | 0 |
| | | 180000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊ.നം.53/21) | 180000 | 0 |
| | | 10500 | ഫലവൃക്ഷത്തോട്ടം പദ്ധതി (പ്രൊ.നം.25/21) | 10500 | 0 |
| | | 920000 | ലൈഫ് ഭവന പദ്ധതി ജനറൽ (പ്രൊ.നം.7/21) | 920000 | 0 |
| | | 100000 | പെയിൻ ആന്റ് പാലിയേറ്റീവ് (പ്രൊ.നം.18/21) | 100000 | 0 |
| | | 350000 | നെൽകൃഷി വികസനം (പ്രൊ.നം.120/21) | 350000 | 0 |
| | | 12000 | അംഗൻവാടി ബേബിഫ്രണ്ടലി ടോയലെറ്റ് (പ്രൊ.നം.190/21) | 0 | 12000 |
| | | 75000 | വൃദ്ധക്ഷേമ പരിപാടി (പ്രൊ.നം.147/21) | 0 | 75000 |
| | | 1400000 | നെൽകൃഷി വികസനം (പ്രൊ.നം.2/21) | 1400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 25000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊ.നം.91/21) | 25000 | 0 |
| | | 300000 | അംഗൻവാടി പോഷകാഹാരം (പ്രൊ.നം.5/21) | 300000 | 0 |
| | | 100000 | പെയിൻ ആന്റ് പാലിയേറ്റീവ് (പ്രൊ.നം.145/21) | 0 | 100000 |
| | | 200000 | നെൽകൃഷി വികസനം (പ്രൊ.നം.120/21) | 200000 | 0 |
| | | 200000 | നെൽകൃഷി വികസനം (പ്രൊ.നം.2/21) | 200000 | 0 |
| | | 3120000 | ലൈഫ് ഭവന പദ്ധതി ജനറൽ (പ്രൊ.നം.7/21) | 3120000 | 0 |

| | | | | |
|---|---|---|---|---|
| | 200000 | ചെറുവത്തൂർ ബേബിമാഷ് റോഡ് കോൺക്രീറ്റിംഗ് (പ്രൊ.നം.125/21) | 200000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ | 22001314 10.3.21 | 77232 | - | 77232 |
| | സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ | 22001317 10.3.21 | 40474 | - | 40474 |
| | സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ | 25/20-21 23.11.20 | 127972 | - | 127972 |
| ഭൂജല വകുപ്പ് | പിഎച്ച്സി.റോഡ് കുടിവെള്ളപദ്ധതി ഫ്ളഷിംഗ് ചാർജ് | 212000355 6.7.20 | 5790 | - | 5790 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 സ്ഥിര നിക്ഷേപം

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ ലോൺ | 326 / ഡി.ബി./0 1 / 2017/ ത.സ്വ.ഭ.വ തീയതി : 23.11.2017 | - | 1947160 | 190158 | 0 | 1757002 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,86,89,960 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,78,61,419 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,15,316 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 408435 | ഷീജ എൻ.വി., അസിസ്റ്റന്റ് സെക്രട്ടറി |
| 1-37 | 127232<br>127932 | ഷീജ എൻ.വി., സെക്രട്ടറി ഇൻ –ചാർജ്ജ്<br>വൃന്ദ.വി., സെക്രട്ടറി |
| 1-40 | 15400 | ഷീജ എൻ.വി., സെക്രട്ടറി ഇൻ-ചാർജ്ജ് |
| 1-41 | 8993 | ഷീജ എൻ.വി., സെക്രട്ടറി ഇൻ-ചാർജ്ജ് |
| 1-45 | 34539<br>57186 | വൃന്ദ.വി., സെക്രട്ടറി<br>ഷീജ എൻ.വി., സെക്രട്ടറി ഇൻ-ചാർജ്ജ് |
| 1-46 | 435599 | വൃന്ദ.വി., സെക്രട്ടറി |
| ആകെ | 12,15,316/- | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84, 84-85 | | ഓഡിറ്റ് റിപ്പോർട്ട് ലഭ്യമല്ല |
| 88-89, 89-90 | | ഖണ്ഡികകൾ 39, 17, 20 നിലനിൽക്കുന്നു |
| 90-91 | | 7(ജി), 7(എച്ച്), (ഐ), (ജെ), 15, 16 നിലനിൽക്കുന്നു |
| 92-93, 93-94 | | ഖണ്ഡികകൾ 9(ഡി), (ഇ), 1(ഐ), (ജെ) നിലനിൽക്കുന്നു |
| 94-95 | | ഖണ്ഡികകൾ 9(ഇ), എഫ്, (ജി), (എച്ച്) നിലനിൽക്കുന്നു |
| 96-97 | എൽ.എഫ്.ടി.10-1404/01 /02-02-02 | |
| 98-99 | എൽ.എഫ്.ടി.10-65/05 /30-09-05 | |
| 99-00 | എൽ.എഫ്.ടി.10-66/05 /30-09-05/21-11-05 | |
| 99-00 മുതൽ 2001-02 വരെ ജനകീയാസൂത്രണം | എൽ.എഫ്.ടി.10-1080/03 /08-12-2003/25-03-04 | |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.ടി.10-151/06 /19-06-06 | |
| 01-02 | എൽ.എഫ്.ടി.10-150/06 /29-08-06/31-10-06 | |
| 02-03 | എൽ.എഫ്.ടി.10-152/07 /08-10-07 | |
| 03-04 | എൽ.എഫ്.ടി.10-121/07-11-07 /08-01-08 | |
| 04-05 | എൽ.എഫ്.ടി.10-1956/08 /23-06-10 | |
| 05-06 | എൽ.എഫ്.ടി.10-1957/08 /23-06-10/17-08-10 | |
| 06-07 | എൽ.എഫ്.ടി.10-568/10 /17-05-11/11-10-11 | |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി(പി2)-1619/12 /18-03-13/ 02-08-13 | |
| 11-12 | എൽ.എഫ്.ടി.പി.6-913/13 തി.22-11-13/01.01.14 | |
| 12-13 | എൽ.എഫ്.ടി.പി.9-1442/14 തി.05-01-15/07-03-15 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി.9)1209/15/ 20.10.15/04.11.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ (പി.9) 999/16 തി-24.06.2016 | |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ (പി.8) 1279/16 തി.01.11.2016 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി6)/1406/2017 തീയതി 14.09.2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (പി6)/1371/2018 തീയതി: 04.10.2018 | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ (പി6)/372/2020 തീയതി:18.5.2020 | |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി12)/1101/2021 തീയതി: 05.11.2021 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്